# ഏവർക്കും വിദ്യാഭ്യാസം,
# എന്നെന്നും വിദ്യാഭ്യാസം

(Education For All and For Ever)

11427.
12500

## Report of the Seminar

HELD AT MUSEUM AUDITORIUM, TRIVANDRUM

**on 14-2-1994**

Marking the 14th Anniversary of the

## Centre for Adult, Contg. Edn. & Extension

UNIVERSITY OF KERALA

**April 1994**

# ഏവർക്കും വിദ്യാഭ്യാസം,
# എന്നെന്നും വിദ്യാഭ്യാസം

(Education for all and for ever)

11427

## Report of the Seminar

HELD AT MUSEUM AUDITORIUM TRIVANDRUM

**on 14-2-1994**

Marking the 14th Anniversary of the

## Centre for Adult, Contg. Edn. & Extension

UNIVERSITY OF KERALA

*Prepared by*

P. Gopinadhan Pillai, Project Officer, CACEE

&

*Edited and Published by*

Dr. K. Sivadasan Pillai, Director, CACEE

**April 1994**

11427

## മുഖക്കുറിപ്പ്

കേരള സർവ്വകലാശാലയിലെ വയോജന, തുടർ വിദ്യാഭ്യാസ വ്യാപനം കേന്ദ്രം (CACEE) പതിനാല് വർഷത്തെ പ്രവർത്തനം പൂർത്തിയാക്കിയ സന്ദർഭത്തിൽ കാലിക പ്രാധാന്യമുള്ള ഒരു വിഷയത്തെ അധികരിച്ച് ഏകദിന സെമിനാറും ഒരാഴ്ചത്തെ പ്രദർശനവും സംഘടിപ്പിക്കുകയുണ്ടായി. 'ഏവർക്കും വിദ്യാഭ്യാസം' എന്ന വിഷയത്തെക്കുറിച്ച് ദേശീയ, അന്തർദേശീയ തലങ്ങളിൽ ചർച്ചകൾ നടന്നുവരികയാണല്ലോ. ഏവർക്കും വിദ്യാഭ്യാസം നൽകിയാൽ മാത്രംപോരാ; അത് നിലനിർത്താനും മെച്ചപ്പെടുത്താനും സൗകര്യങ്ങൾ നൽകേണ്ടതുണ്ട്. അതിനുള്ള കർമ്മ പരിപാടി ആവിഷ്ക്കരിക്കുന്നതിന്റെ മുന്നോടിയായിട്ടാണ് 'ഏവർക്കും വിദ്യാഭ്യാസം, എന്നെന്നും വിദ്യാഭ്യാസം' എന്ന വിഷയം ചർച്ചയ്ക്കായി തെരഞ്ഞെടുത്തത്. 14-ാം വാർഷികമായതുകൊണ്ട് വിഷയത്തെ അധികരിച്ച് സംസാരിക്കാൻ 14 പേരെ നിയോഗിക്കയായിരുന്നു. 11 പേർ തങ്ങളുടെ വിഷയങ്ങൾ അവതരിപ്പിച്ചു. കൂടുതലായി 4 പേർ ചർച്ചകളിൽ നിർദ്ദേശങ്ങൾ സമർപ്പിക്കയും ചെയ്തു. അങ്ങനെ തുടക്കവും ഒടുക്കവും ഉള്ള ഔപചാരിക സെഷനുകൾക്കു പുറമേ വിദഗ്ദ്ധവും വിശദവുമായ അഭിപ്രായ പ്രകടനങ്ങൾ നടന്നത് ക്രോഡീകരിക്കണമെന്നും തുടർ ചർച്ചക്ക് അവസരം നൽകണമെന്നും നിർദ്ദേശമുണ്ടായതിന്റെ പരിണതഫലമാണീ ചെറു പ്രസിദ്ധീകരണം.

പ്രസംഗങ്ങൾ മുഴുവനും ടേപ്പ്റിക്കാർഡ് ചെയ്തത് പലയാവർത്തി കേട്ട് റിപ്പോർട്ട് തയ്യാറാക്കിയത് പ്രോജക്റ്റാഫീസർ ശ്രീ. പി. ഗോപിനാഥൻ പിള്ളയാണ്. വലിയ എഡിറ്റിംഗ് കൂടാതെ ആയത് ബഹുജന സമക്ഷം അവതരിപ്പിക്കുകയാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി ലൈബ്രറിയിൽ ഒരാഴ്ച നീണ്ടുനിന്ന പ്രദർശനം ഒരുക്കിയിരുന്നു. സിറ്റിയിൽ കേന്ദ്രീകരിക്കാതെ ജനങ്ങൾക്കിടയിലേക്ക് പ്രദർശനം എത്തിക്കണമെന്ന വ്യാപകമായ നിർദ്ദേശം എങ്ങനെ പ്രാവർത്തികമാക്കാമെന്ന് ഞങ്ങൾ ഗാഢമായി ആലോചിച്ചു വരികയാണ്. ഒരു 'മൊബൈൽ പ്രദർശന'ത്തിനുള്ള സൗകര്യം ലഭിച്ചാലേ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാനാവൂ. കോളേജുകളിലും കമ്മ്യൂണിറ്റിയിലും പ്രദർശനം സംഘടിപ്പിക്കാൻ ശ്രമിക്കുന്നതാണ്.

സമ്പൂർണ്ണ സാക്ഷരതയ്ക്കു ശേഷം തുടർ വിദ്യാഭ്യാസ ഘട്ടത്തിലേക്ക് കടന്നിരിക്കുന്ന കേരളത്തിൽ ബന്ധപ്പെട്ട എല്ലാ ഏജൻസികൾക്കും സംഘാടകർക്കും പ്രവർത്തകർക്കും ഗുണഭോക്താക്കൾക്കും CACEE യുടെ അക്കാദമീയവും പ്രായോഗികവുമായ അറിവും കഴിവും പങ്കിടാൻ ഞങ്ങൾ സന്നദ്ധരാണെന്നറിയിച്ചുകൊണ്ട് ഈ 'റിപ്പോർട്ട്' പഠനത്തിനും പ്രാവർത്തികമാക്കലിനുമായി അവതരിപ്പിക്കട്ടെ.

കാര്യവട്ടം കാമ്പസ്
30-4-1994

ഡോ. കെ. ശിവദാസൻപിള്ള
ഡയറക്ടർ, CACEE

## കാര്യപരിപാടി

**14–2–1994**

9.30 a.m. പ്രദർശനം ഉൽഘാടനം – യൂണിവേഴ്സിററി ലൈബ്രറി

ആമുഖഭാഷണം – ഡോ. കെ. ശിവദാസൻപിള്ള

ഉൽഘാടന പ്രസംഗം – ഡോ. ജെ. വി. വിളനിലം

ആശംസ – ശ്രീമതി അക്കാമ്മ

**10.30 മണിക്ക് സെമിനാർ – മ്യൂസിയം ആഡിറ്റോറിയം**

**ഉൽഘാടന സമ്മേളനം**

സ്വാഗതം : ഡോ. കെ. ശിവദാസൻപിള്ള

അദ്ധ്യക്ഷൻ : ശ്രീ. കെ. വി. നമ്പ്യാർ IAS

ഉത്ഘാടകൻ : ഡോ. എ. സുകുമാരൻനായർ

ആശംസാ
പ്രസംഗം : ശ്രീ. പി. എൻ. പണിക്കർ
ശ്രീമതി. ബി.രമണി

കൃതജ്ഞത : ഡോ. കെ. മോഹൻദാസ്

**11.30 മണിക്ക് സെമിനാർ സെഷൻ**

മോഡറേററർ – ഡോ. കെ. സോമൻ

വിഷയാവതരണം :

ഡോ. കെ. ശിവദാസൻ പിള്ള
ശ്രീ. എ. പ്രഭാകരൻ
ശ്രീ. എം. ഗോപാലൻ
പ്രൊ. അബ്ദുൽ വഹാബ്
ഡോ. ജോർജ് ഓണക്കൂർ
ഡോ. സി. പി. അരവിന്ദാക്ഷൻ
ഡോ.ററി.ആർ.എസ്. ഉണ്ണിത്താൻ
ഡോ. എം. എ. ശാരദാമ്മ
ശ്രീ. ജി. സുരേഷ്കുമാർ
ശ്രീ. ജെ. ശശിധരൻ നായർ
ഡോ. കെ. കൃഷ്ണകുമാരി

ചർച്ചയിൽ പങ്കെടുത്തവർ

പ്രൊ. എം. ചന്ദ്രശേഖരൻ നായർ
ഡോ. വി. ഗോപാലൻ ചെട്ടിയാർ
ശ്രീ. എസ്. കെ. സുരേന്ദ്രൻ
ശ്രീ. കെ. കെ. പെരുമാൾ

**4 മണിക്ക് സമാപന സമ്മേളനം**

സ്വാഗതം : ഡോ. വി. രഘു

റിപ്പോർട്ടവതരണം ; ശ്രീ. കെ. അരവിന്ദാക്ഷൻപിള്ള

അധ്യക്ഷൻ : ഡോ. വി. കെ. സുകുമാരൻ നായർ

ആശംസാപ്രസംഗം : ശ്രീ. പാച്ചല്ലൂർ രാജാരാമൻ നായർ

സമ്മാനദാനം : മിസ്. ലിൻ തോമസ് (ലണ്ടൻ)

കൃതജ്ഞത : ശ്രീ. പി. ഗോപിനാഥൻ പിള്ള

കേരള സർവ്വകലാശാല വയോജന തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്ര ത്തിൻെറ 14-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തിയ 'ഏവർക്കും വിദ്യാഭ്യാസം—എന്നെന്നും വിദ്യാഭ്യാസം' സെമിനാർ 1994 ഫെബ്രുവരി 14-ാം തീയതി രാവിലെ 10 മണിയ്ക്ക് മ്യൂസിയം ആഡിറേറാറിയത്തിൽ നടന്നു. സെമിനാറിൽ പങ്കെടുക്കുന്ന വിശിഷ്ടാതിഥികൾക്കും പ്രവർത്ത കർക്കും സ്വാഗതം ആശംസിച്ചുകൊണ്ട് വയോജന തുടർവിദ്യാഭ്യാസ വ്യാ പനകേന്ദ്രം ഡയറക്ടർ ഡോ. കെ. ശിവദാസൻപിള്ള കേന്ദ്രത്തിൻെറ നാള തുവരെയുള്ള പ്രവർത്തനങ്ങൾ വിവരിച്ചുകൊണ്ട് സംസാരിച്ചു.

'ഇത് കേന്ദ്രത്തിൻെറ 14-ാം വാർഷികമാണ്. 1980 ഫെബ്രുവരി 14 നായിരുന്നു കേന്ദ്രം ഔപചാരികമായി ഉത്ഘാടനം ചെയ്യപ്പെട്ടത്, അത് ഒരു നല്ല സംരംഭമായിരുന്നു എന്നാണ് ഞങ്ങളുടെ വിശ്വാസം, അന്ന് ഇന്ത്യയിൽ കിട്ടാവുന്ന ഏററവും പ്രഗത്ഭനായ ഇന്ത്യൻ പ്രസിഡൻറ് തന്നെയാണ് കേന്ദ്രത്തിൻെറ ഉത്ഘാടനം നിർവഹിച്ചത്. അന്നത്തെ കേരള ഗവർണ്ണർ ശ്രീമതി ജ്യോതി വെങ്കിടചെല്ലം അദ്ധ്യക്ഷയായിരുന്നു.അന്നത്തെ മുഖ്യമന്ത്രി ശ്രീ ഇ കെ നായനാർ,വിദ്യാഭ്യാസമന്ത്രി ശ്രീ. ബേബിജോൺ,വൈ സ് ചാൻസിലർ, പ്രോ-വൈസ് ചാൻസിലർ തുടങ്ങിയ പ്രമുഖ വ്യക്തി കളുടെ സാന്നിദ്ധ്യത്തിലാണ് വയോജന തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം ഉത്ഘാടനം ചെയ്യപ്പെട്ടത്. അന്ന് ഉത്ഘാടന സമ്മേളനത്തിൽ സംസാരി ച്ചവർ നിർദ്ദേശിച്ചത് ഈ സ്ഥാപനം ജനങ്ങളിലെക്കിറങ്ങിച്ചെല്ലണമെ ന്നാണ്. യൂണിവേഴ്സിററിയെക്കുറിച്ച് സാധാരണ പറയാറുള്ളത് ദന്ത ഗോപുരമാണെന്നാണ്. അതിനപവാദമായി ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന, ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി വളരണമെന്ന് അന്ന് നിർദ്ദേശിക്കപ്പെട്ടു അത് പാലിക്കാനാണ് ഞങ്ങൾ ഇക്കാലമത്രയും ശ്രദ്ധിച്ചിട്ടുള്ളത്. പതിനാലുവർഷത്തിൽ ആദ്യത്തെ ഏതാനും വർഷം ജനങ്ങളെ സാക്ഷരരാക്കുന്ന പ്രവർത്തനത്തിനാണ് ഞങ്ങൾ ഊന്നൽ കൊടു ത്തിരുന്നത്. 1989-90 വരെ ജനബോധന കേന്ദ്രങ്ങൾ സംഘടിപ്പിച്ചു. ജന ങ്ങളെ സാക്ഷരരാക്കുന്നതിന് ഞങ്ങൾ മുൻഗണന കൊടുത്തു, അറുപതിനാ യിരത്തിലധികം മുതിർന്നവരെ ഞങ്ങൾ പഠിപ്പിച്ചു. സാക്ഷരരാക്കി. സർ ട്ടിഫിക്കററുകൾ അവർക്ക് സമ്മാനിച്ചു. പഠനസഹായികൾ, ജനബോധന സഹായി, കൈപ്പുസ്തകങ്ങൾ, ജനബോധന ഗാനങ്ങൾ തുടങ്ങി കേന്ദ്രങ്ങൾ ക്കാവശ്യമുള്ള പഠനോപകരണങ്ങൾ ഞങ്ങൾ തന്നെ തയ്യാറാക്കിയിട്ടുണ്ട്. അങ്ങനെ കുറച്ചു മുന്നോട്ടു പോയപ്പോഴാണ് കേരള സർവ്വകലാശാലയിലും മററു സർവ്വകലാശാലകളെപ്പോലെ ജനസംഖ്യാ വിദ്യാഭ്യാസ ക്ലബ്ബുകൾ തുടങ്ങണമെന്ന നിർദ്ദേശം വന്നത്. അങ്ങനെ 1986 മുതൽ ജനസംഖ്യാ വി ദ്യാഭ്യാസക്ലബ്ബുകൾ ആരംഭിച്ചു,അതിൻെറ വിലയിരുത്തലിൻെറ ഫലമായി ഇന്ത്യയിലാകമാനം 12 ജനസംഖ്യാ വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങൾ ആരംഭി ക്കാൻ തീരുമാനിച്ചപ്പോൾ അതിൽഒന്ന് കേരള സർവ്വകലാശാലവയോജന തുടർ

വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ കീഴിൽ തന്നെ നടത്താൻ നിർദ്ദേശിക്കുകയുണ്ടായി, ഒരു ഭാഗത്ത് വയോജന വിദ്യാഭ്യാസവും മറുഭാഗത്ത് ജനസംഖ്യാ വിദ്യാഭ്യാസവും അങ്ങനെ ഒരു സംയുക്തമേഖലയിലാണ് ഇപ്പോൾ ഞങ്ങൾ പ്രവർത്തിക്കുന്നത്. ജനങ്ങളെ ബോധവൽക്കരിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ഐശ്വര്യ ദീപം, ചുവർപത്രം 15 എണ്ണം പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ 40 ഓളം കോളേജുകളും അതിന്റെ പ്രിൻസിപ്പാൾമാരും അദ്ധ്യാപകരും വിദ്യാർത്ഥികളും ഞങ്ങളോട് ആത്മാർത്ഥമായി സഹകരിക്കുന്നുണ്ട്. കോളേജുകളിലെ അദ്ധ്യാപകർ ഞങ്ങളുടെ പ്രോഗ്രാം ഓഫീസർമാരായി പ്രവർത്തിക്കുന്നുണ്ട്. മുൻപ് കോളേജുകളിൽ ഞങ്ങൾക്ക് സൂപ്പർ വൈസർമാരുണ്ടായിരുന്നു. ഇപ്പോൾ ജനശിക്ഷൺ നിലയം പ്രവർത്തനം നടത്തുന്നിടത്തൊക്കെ പ്രേരക്മാരെ വെച്ചിട്ടുണ്ട്. ഞങ്ങളുടെ സെൻറർ നേരിട്ടും പരിപാടികൾ നടത്തുന്നുണ്ട് തിരുവനന്തപുരം ജില്ലയിൽ കരകുളം, ആനാട്, പോത്തൻകോട്, പൂവത്തൂർ, ചപ്പാത്ത് തുടങ്ങിയ സ്ഥലങ്ങളിൽ ഞങ്ങൾ നേരിട്ട് ജനശിക്ഷൺ നിലയങ്ങളും തുടർ വിദ്യാഭ്യാസ കോഴ്സുകളും നടത്തുന്നുണ്ട് സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ജനവിദ്യാ കേന്ദ്രങ്ങളിൽ നിന്നും വ്യത്യസ്തമായി യു. ജി. സി യുടെ സഹായത്തോടു കൂടി നടക്കുന്നതാണ് ജനശിക്ഷൺ നിലയങ്ങൾ, വിവിധ തൊഴിൽ പരിശീലന പരിപാടികൾ ഞങ്ങൾ സംഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ബുക്ക് ബയൻറിംഗ് മുതൽ 'പട്ടിപിടുത്തം' വരെ താത്വികവും പ്രായോഗികവുമായ പരിജ്ഞാനം നേടിയ പ്രവർത്തകരെ സജ്ജമാക്കാനുദ്ദേശിച്ച് ആരംഭിച്ച പോസ്ററ് മാസ്റേറഴ്സ് ഡിപ്ലോമ 4 ബാച്ച് പൂർത്തിയായി. 5-ാം ബാച്ച് പരീക്ഷ എഴുതി ഫലം കാത്തുകഴിയുകയാണ്.

ഇപ്പോൾ പ്രധാനമായി ഒരു നിർദ്ദേശം വന്നിരിക്കുന്നത്. 'എല്ലാവർക്കും വിദ്യാഭ്യാസം' എന്നതാണ്. 'എല്ലാവർക്കും സാക്ഷരത' എന്നൊരിക്കൽ പറഞ്ഞു. ഇപ്പോൾ സാക്ഷരതയിൽ ഒതുക്കി നിർത്താതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകുന്ന പദ്ധതിയിലേക്കാണ് നമ്മൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഡൽഹിയിലും വിദേശത്തും നടന്ന ലോക രാഷ്ട്ര സമ്മേളനങ്ങൾ 'എല്ലാവർക്കും വിദ്യാഭ്യാസം എന്നെന്നും വിദ്യാഭ്യാസം' എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കാൻ മുന്നിട്ടിറങ്ങിയിരിക്കുകയാണ്. വിദ്യാഭ്യാസം ആജീവനപ്രക്രിയയാണ്. അനൗപചാരികവും ഔപചാരികവുമായ മേഖലകളെ സംയോജിപ്പിച്ചുകൊണ്ട് ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന ഒരു വിദ്യാഭ്യാസ പദ്ധതി ഉണ്ടാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അതിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള ചർച്ചകളാണ് ഇന്നത്തെ സെമിനാറിൽ നടക്കുക.

**അദ്ധ്യക്ഷപ്രസംഗം:- ശ്രീ. കെ. വി. നമ്പ്യാർ ഐ. എ. എസ്**
(മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്)

കൃത്യസമയത്തു തന്നെ പരിപാടി ആരംഭിച്ച ഡോ. കെ. ശിവദാസൻ പിള്ളയെ ഞാൻ അഭിനന്ദിക്കുകയാണ്. കേരള സർവ്വകലാശാല വയോജന തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ 14-ാം വാർഷികത്തോടനുബ

ന്ധിച്ച് സംഘടിപ്പിച്ചിട്ടുള്ള ഈ സെമിനാറിൽ എന്നെ അദ്ധ്യക്ഷനായി ക്ഷണിച്ചതിൽ ആദ്യമായി ഇതിന്റെ സംഘാടകരോട് നന്ദി രേഖപ്പെടുത്തുകയാണ്. നമ്മുടെ കേരളം സ്വീകരിച്ച വികസന മാതൃകയെക്കുറിച്ച് വളരെ വിമർശനങ്ങൾ അടുത്തകാലത്തായി ഉയർന്നുവരുന്നുണ്ട്. അതേസമയം തന്നെ വികസന മാതൃകയുടെ നല്ല വശങ്ങളെക്കുറിച്ച് വളരെ ചർച്ചചെയ്യപ്പെട്ടിട്ടുമുണ്ട്. കേരളത്തിന്റെ വികസന നേട്ടങ്ങളിൽ എടുത്തുപറയാൻ കഴിയുന്നത് വിദ്യാഭ്യാസ–ആരോഗ്യ മേഖലകളിൽ ഉണ്ടാക്കാൻ കഴിഞ്ഞ നേട്ടമാണ്. മററു സംസ്ഥാനങ്ങളെ മാത്രമല്ല മററ് വികസിത രാഷ്ട്രങ്ങളെപ്പോലും പിന്നിലാക്കി നമ്മൾ നേട്ടങ്ങൾ ഉണ്ടാക്കിയ മേഖലകളാണ് ഇവ രണ്ടും. 1901 ലെ കനേഷുമാരി കണക്കനുസരിച്ച് നമ്മുടെ സാക്ഷരതാ ശതമാനം 5.5 ആയിരുന്നു. അത് 1991 ൽ 52 ശതമാനമായി ഉയർന്നിട്ടുണ്ട് എന്നത് അഭിമാനർഹമാണ്. എന്നാൽ നമ്മുടെ മുതിർന്ന നിരക്ഷരരുടെ എണ്ണം 33 കോടിയിലധികമാണ്. 1950 ൽ നിരക്ഷരരുടെ എണ്ണം 20 കോടിയായിരുന്നു. ഇന്ന് അതിലും 13 കോടിയിലധികമായി. ഇത് കാണിക്കുന്നത് ജനസംഖ്യയോടൊപ്പം നിരക്ഷരതയും വർദ്ധിച്ചുവരികയാണ് എന്നാണ്. 5 കോടിയോളം ആളുകൾക്ക് ഇന്നും സ്ക്കൂളിൽ പഠിക്കാനുള്ള സൗകര്യം ലഭിച്ചിട്ടില്ല നമ്മുടെ വിദ്യാഭ്യാസ ചിലവ് ദേശീയ വരുമാനത്തിന്റെ 6% ത്തിലേക്ക് ഉയരണം. പക്ഷേ ഇന്ന് അത് വെറും 3 ശതമാനമാണ്. 6 ശതമാനമായി ഉയർത്തിയാൽ കോടികൾ വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി ചിലവഴിക്കേണ്ടിവരും. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന പഞ്ചായത്തിരാജ് നിയമം എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കിയാൽ നമുക്ക് സാക്ഷരതാ പ്രവർത്തനത്തിൽ നല്ല പുരോഗതി ഉണ്ടാക്കാൻ കഴിയും. കാരണം പഞ്ചായത്തിരാജ് പ്രാദേശിക സ്വയംഭരണ സ്ഥാപനമാണ്. ഒരു പ്രത്യേക ഗവൺമെൻറാണ്. ആദ്യമായിട്ടാണ് ഇത്തരം ഒരു ഗവൺമെൻറ് ഭരണഘടനാ പ്രകാരം നിലവിൽ വരാൻ പോകുന്നത്. ഇനി കേന്ദ്രവും സംസ്ഥാനവുമായിട്ടുള്ള ബന്ധം പോലെയായിരിക്കും സംസ്ഥാനവും പഞ്ചായത്തും തമ്മിലുള്ളത്. ഇത് സുപ്രധാനമായ ഒരു മാററമാണ്. പഞ്ചായത്തിരാജ് നടപ്പിലാക്കുന്നതോടുകൂടി പ്ലാനിംഗ്, വികസനം, ഭരണം തുടങ്ങിയ കാര്യങ്ങൾ താഴെ തട്ടിലേക്ക് കൈമാറും. അവിടെ ആളുകൾക്ക് പ്രവർത്തിക്കാനുള്ള സൗകര്യമുണ്ടായിരിക്കും. ഇങ്ങനെയുള്ള ഒരു സംവിധാനം ഫലവത്തായി പ്രവർത്തിക്കണമെങ്കിൽ ജനങ്ങൾക്ക് വിദ്യ അല്ലെങ്കിൽ ലിറററസി വളരെയെറെ ആവശ്യമാണ്. എങ്കിൽ മാത്രമേ അതുകൊണ്ടുദ്ദേശിക്കുന്ന പ്രയോജനം രാജ്യത്തിനും ജനങ്ങൾക്കും ലഭ്യമാകൂ.


ശാസ്ത്ര പുരോഗതിയും സാക്ഷരതയുമായി വളരെ അടുത്ത ബന്ധമുണ്ട്. പ്രത്യേകിച്ച് വളരെ അടുത്തകാലത്ത് പുരോഗതി പ്രാപിച്ച രാഷ്ട്രങ്ങളെ എടുത്തു നോക്കിയാൽ അത് മനസ്സിലാകും. സാക്ഷരതാ പരിപാടി കൊണ്ട് എഴുതാനും വായിക്കാനും മാത്രം അറിഞ്ഞാൽ പോരാ. മററു വികസിത രാജ്യങ്ങളുടെ ചരിത്രം പരിശോധിച്ചാൽ വിദ്യാഭ്യാസവും വികസനവും തമ്മിലുള്ള ബന്ധം മനസ്സിലാകും. സാക്ഷരതാ പരിപാടിയിലൂടെ വികസന–സാമൂഹ്യ ക്ഷേമ പദ്ധതികളെ കുറിച്ചുള്ള അറി

വ് ജനങ്ങൾക്ക് പകർന്നു കൊടുക്കണം. തുടർ വിദ്യാഭ്യാസവും അത്യന്താപേക്ഷിതമാണ്. വികസന പരിപാടികളിൽ പൊതുജനപങ്കാളിത്തം ഉറപ്പിക്കാൻ സാക്ഷരതാ പദ്ധതികൊണ്ട് കഴിയും. ഉദാഹരണത്തിന് ചെറിയ കുടുംബം, പരിസര മലീനികരണം ഒഴിവാക്കൽ, ദേശീയ സമ്പാദ്യ പദ്ധതിയിലുള്ള നിക്ഷേപം തുടങ്ങിയ കാര്യങ്ങളിൽ ഓരോ പൗരനും അവരുടേതായ പങ്ക് നിർവഹിക്കാൻ കഴിയും. എല്ലാ പൗരൻമാരും തങ്ങൾ കൊടുക്കേണ്ട നികുതി കൃത്യമായി കൊടുക്കുന്നതും, ജാതി ചിന്തകളിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നതും വികസന പരിപാടിയിലെ പങ്കാളിത്തമാണ്. ഇത്തരം കാര്യങ്ങളിൽ ജനങ്ങളെ ബോധവൽക്കരിക്കാൻ വയോജന വിദ്യാഭ്യാസത്തിന് കഴിയും. അങ്ങനെ എല്ലാ അടിസ്ഥാന ആശയങ്ങളിലും ജനങ്ങളെ ബോധവൽക്കരിക്കുന്ന ഒരു പരിപാടിയാകണം വയോജന വിദ്യാഭ്യാസം.

## ഉത്ഘാടന പ്രസംഗം – ഡോ. എ. സുകുമാരൻ നായർ
(വൈസ് ചാൻസിലർ, മഹാത്മാഗാന്ധി യൂണിവേഴ്സിററി, കോട്ടയം)

സന്തോഷത്തോടും ഒപ്പം സംതൃപ്തിയോടുംകൂടി പങ്കെടുക്കുന്ന ഒരു ചടങ്ങാണിന്നിവിടെ നടക്കുന്നത്. എനിക്ക് വളരെ അടുപ്പമുള്ള ഒരു വിഭാഗം കേരള സർവകലാശാല വയോജന തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം 14 വർഷം പൂർത്തിയാക്കുന്ന ഈ അവസരത്തിൽ ഈ ചടങ്ങുകളിൽ പങ്കെടുക്കാനും ആശംസകൾ നേരാനും കഴിഞ്ഞതിലും എനിക്ക് വളരെ സന്തോഷമുണ്ട്. ദേശീയ വയോജന വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് കേരളസർവകാലശാലയിൽ വയോജന വിദ്യാഭ്യാസ വിഭാഗം ആരംഭിച്ചത്. തുടർന്ന് അത് സർവ്വകലാശാലയിലെ ശക്തമായ ഒരു വിഭാഗമായി മാറുകയും ഡോ. കെ. ശിവദാസൻപിള്ളയെ അതിന്റെ ഡയറക്ററായി നിയമിക്കുകയും ചെയ്തു. എന്തായാലും ആ സ്ഥാപനം കഴിഞ്ഞ 14 വർഷമായി വളരെ പ്രയോജനകരമായ പ്രവർത്തനം കാഴ്ചവെച്ച് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. കേരളത്തിനുപുറത്ത് എവിടെയെങ്കിലുമായിരുന്നു ഈ സ്ഥാപനമെങ്കിൽ അത് വയോജന വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ഒരു പ്രത്യേക സർവകലാശാലയായി മാറുകയും ചെയ്യുമായിരുന്നു. കേരളത്തിൽ ഇത്തരം സ്ഥാപനങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനങ്ങളും അംഗീകാരവും കിട്ടാറില്ല.


ഇന്നത്തെ സെമിനാറിന്റെ വിഷയം – 'ഏവർക്കും വിദ്യാഭ്യാസം എന്നെന്നും വിദ്യാഭ്യാസം' – ആധുനിക വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം രണ്ടു പ്രധാനവാക്കുകളാണ്. ഒരു വ്യക്തിപോലും വിദ്യാഭ്യാസമില്ലാതെ സമൂഹത്തിലുണ്ടാകാൻ പാടില്ല. വിദ്യാഭ്യാസം എന്നു പറയുമ്പോൾ ഒരു നിശ്ചിത വയസിനുള്ളിൽ നടത്തുന്ന ഒരു പ്രക്രിയയാണ് എന്ന സങ്കല്പം നമ്മൾ തീരുത്തിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസം ജനനം മുതൽ മരണംവരെയുള്ള ഒരു പ്രക്രിയയാണ്. ആ സങ്കല്പത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്നത്തെ സെമിനാറിന്റെ വിഷയത്തിന് രൂപം കൊടുത്തിട്ടുള്ളത്. സമൂഹത്തിൽ ഓരോ കാര്യം ചെയ്യുന്നതിനും ഫലപ്രദമായ വിദ്യാ



ഭ്യാസം ആവശ്യമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള കഴിവുണ്ടാക്കിക്കൊടുക്കാൻ വിദ്യാഭ്യാസത്തിനുകഴിയും. ഇന്ന് വിദ്യാഭ്യാസ ശൈലി ആകെ മാറിക്കൊണ്ടിരിക്കുകയാണ്, എല്ലാ കാലത്തും വിദ്യാഭ്യാസത്തിൽ ഏർപ്പെടുന്ന ഒരു സമുഹം നമ്മൾ ഇന്ന് സങ്കല്പിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മില്ലാത്ത സമൂഹത്തിന് ഒരിക്കലും പുരോഗതി നേടാൻ കഴിയില്ല. സമുഹം എല്ലാ കാലവും വിദ്യാഭ്യാസം നേടിക്കൊണ്ടിരിക്കണം. എങ്കിലേ പുതിയ പുതിയ പ്രശ്നങ്ങൾ നേരിടാൻ നമുക്ക് കഴിയൂ. മാനുഷിക വിഭവ വികസനത്തിനും സമൂഹത്തിൻെറ വികസനം ആവശ്യമാണ്. അതുപോലെ ചുഷണത്തിൽ നിന്നും സമുഹത്തിലെ വ്യക്തികളെ മോചിപ്പിക്കുന്നതിനും വിദ്യാഭ്യാസം ആവശ്യമാണ്. സമൂഹം ആഗ്രഹിക്കുന്ന വർത്തന വ്യതിയാനം ഉണ്ടാക്കാൻ കഴിയുന്ന ഒരു സംവിധാനമാണ് വിദ്യാഭ്യാസം. സമൂഹത്തിലെ ഭൗതിക വിഭവങ്ങൾ ചൂഷണം ചെയ്യാൻ മാനുഷിക വിഭവ വികസനം ആവശ്യമാണ്. ഓരോ രംഗത്തും വൈദഗ്ധ്യം നേടാൻ വിദ്യാഭ്യാസം ആവശ്യമാണ്. പുതിയ പുതിയ കഴിവുകൾ നേടിയെടുക്കാൻ തുടർ വിദ്യാഭ്യാസം ആവശ്യമാണ്. അതുകൊണ്ട് ഏത് ഉന്നത തസ്തികയിലായാലും തുടർ വിദ്യാഭ്യാസം ആവശ്യമാണ്. നമ്മുടെ സമൂഹത്തിൽ വിവിധ തരത്തിലുള്ള ചൂഷണങ്ങൾ നിലനില്ക്കുന്നുണ്ട്. അതിനു പ്രധാനകാരണം നിരക്ഷരതയാണ്. എവിടെയെല്ലാം നിരക്ഷരതയുണ്ടോ അവിടെയെല്ലാം ചൂഷണം നിലനില്ക്കും. നിരക്ഷരതയും ചൂഷണവും തമ്മിൽ പരസ്പര ബന്ധമുണ്ട്. ചൂഷണം ഇല്ലാതാക്കാൻ തുടർവിദ്യാഭ്യാസത്തിനുകഴിയും. ബോധവൽക്കരണം അതിനുള്ള ഒരു പ്രധാന ഉപകരണമാണ്. തുടർ വിദ്യാഭ്യാസത്തിലൂടെ ചുററുപാടുകളെ നമുക്ക് നിയന്ത്രിക്കാൻ കഴിയുമെ

ഇന്ന് സ്ത്രീ വിദ്യാഭ്യാസം വളരെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. അതിന്റെ ഫലമായി സമൂഹത്തിൽ ഇന്ന് ധാരാളം മാററങ്ങൾ ഉണ്ടായിട്ടുണ്ട്. ആ മാററങ്ങളുമായി താരതമ്യപ്പെടുന്നതിന് തുടർവിദ്യാഭ്യാസം ആവശ്യമാണ്. സമൂഹത്തിലെ ഓരോ പൗരനും അവൻ അർഹിക്കുന്ന വിദ്യാഭ്യാസം എത്തിച്ചു കൊടുക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട് എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് 'എവർക്കും വിദ്യാഭ്യാസം, എന്നെന്നും വിദ്യാഭ്യാസം' എന്ന സങ്കല്പത്തിന് രൂപം നൽകിയിരിക്കുന്നത്, സ്ക്കൂളുകളും കോളേജുകളും ഒരു പക്ഷേ വിദ്യാഭ്യാസത്തിന്റെ 10 ശതമാനം ഉത്തരവാദിത്വം മാത്രമേ ഏറെറടുക്കുന്നുള്ളു എന്നു പറയാം. ബാക്കി 90% വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വം ആര് ഏറെറടുക്കും എന്നതാണ് ഇവിടെ പ്രശ്നം. ഇവിടെയാണ് അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ഇക്കാര്യത്തിൽ വയോജന തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന് പ്രധാനപ്പെട്ട പങ്കുവഹിക്കാനുണ്ട്, ആ പ്രവർത്തനം വളരെ ശക്തമായിട്ട് കേരള സർവകലാശാലയുടെ ഈ കേന്ദ്രം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ പ്രവർത്തനത്തിന് എല്ലാവിധ ആശംസകളും വിജയങ്ങളും ആശംസിച്ചുകൊണ്ട്, വളരെ ശക്തമായിട്ടുള്ള അനൗപചാരിക വിദ്യാഭ്യാസമാതൃകകൾ കെട്ടിപ്പടുക്കാൻ കഴിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, ഈ പരിപാടി ഉത്ഘാടനം ചെയ്തതായി പ്രഖ്യാപിക്കാൻ സന്തോഷമുണ്ട്.

### ആശംസാ പ്രസംഗം:- ശ്രീ. പി. എൻ. പണിക്കർ
### (സെക്രട്ടറി, കാൻഫെഡ് & ഓണററി എക്സിക്യൂട്ടീവ് ഡയറക്ടർ, SRC)



എൻെറ അഭിപ്രായത്തിൽ നമ്മൾ ഒരു രണ്ടാം സ്വാതന്ത്ര്യസമരത്തിനു തയ്യാറെടുക്കണം. ഒന്നാം സ്വാതന്ത്ര്യസമരത്തിൽ സ്വാതന്ത്ര്യത്തിനു വേണ്ടി നമ്മുടെ നേതാക്കന്മാർ ജീവത്യാഗം ചെയ്തു. പിരങ്കിയുടെ മുന്നിൽ വിരിമാറ് കാട്ടിനിന്നു. രണ്ടാം സ്വാതന്ത്ര്യസമരം ജനങ്ങളെ അറിവും ബോധവും ഉള്ളവരാക്കുകയാണ്. ജനങ്ങൾക്ക് അറിവും ബോധവും ലഭിച്ചില്ലെങ്കിൽ സ്വാതന്ത്ര്യം കുരങ്ങൻെറ കൈയിലെ പൂമാലയാണ്. ഗാന്ധിജിയിൽ നിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ടാണ് നമ്മൾ വയോജന വിദ്യാഭ്യാസം ആരംഭിച്ചത്. ഓരോ വീടുകളിലും പോയി നമ്മൾ ജനങ്ങളെ ബോധവൽക്കരിക്കണം. പഠിച്ചവർ പഠിക്കാത്തവരെ പഠിപ്പിച്ചില്ലെങ്കിൽ അവരെ രാജ്യദ്രോഹി എന്നു വിളിക്കും എന്നാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞത്. മൂന്നരമണിക്കുശേഷം സ്കൂളും കോളേജും അടച്ചിട്ട നമ്മൾ വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും സാക്ഷരതാ പരിപാടിയിൽ പങ്കാളിയാക്കണം. കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് അരമണിക്കൂർ വായിക്കണം. അത് പഠിക്കാൻ കുട്ടികൾക്ക് പ്രചോദനമാകും. ലൈബ്രറികൾ ജനവിദ്യാകേന്ദ്രമായി മാററണം. ലൈബ്രറികളിൽ ആളുകൾ ഒന്നിച്ചിരുന്ന് കാര്യങ്ങൾ ചർച്ച ചെയ്യണം, ഒരു സാമൂഹ്യ പ്രവർത്തകൻ അരമണിക്കൂർ തൻെറ ചുററുമുള്ള വീടുകളിൽ പോയി അവരെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തണം. ഞങ്ങൾ സൗഹൃദഗ്രാമ പരിപാടി തുടങ്ങിക്കഴിഞ്ഞിരിക്കുകയാണ്. അത് ജനങ്ങളെ ഒന്നിപ്പിക്കുന്ന ഒരു പരിപാടി ാണ്, ഓരോ വീട്ടിലും നിരക്ഷരരില്ലെന്ന് ഉറപ്പുവരുത്തും. അവർ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുകയില്ലെന്ന് ഉറപ്പുവരുത്തും. കൂടുതൽ കുട്ടികൾ ഉണ്ടായാലുണ്ടാകുന്ന ദോഷം അവരെ പറഞ്ഞു മനസ്സിലാക്കും. ഈ പരിപാടി എല്ലാവരും ചേർന്ന് വിജയിപ്പിക്കണം.

## ആശംസാ പ്രസംഗം:– ശ്രീമതി. ബി. രമണി
(മുൻ ജോയിൻറ് ഡയറക്ടർ, കൃഷിവകുപ്പ്)

ഏററവും ഒടുവിലത്തെ സെൻസസ് അനുസരിച്ച് സാക്ഷരതയുടെ കണക്ക് 52 ശതമാനമാണ്. പകുതിയോളം ജനങ്ങളും ഇന്ന് നിരക്ഷരരാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും നിരക്ഷരത വളരെ കൂടുതലാണ്, അവശജന വിഭാഗങ്ങൾക്കിടയിലാണ് നിരക്ഷരത കൂടുതലായിട്ടുള്ളത്. നിരക്ഷരതയും ദാരിദ്രവും ബന്ധപ്പെട്ട കാര്യങ്ങളാണ്. വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ നമ്മൾ പിന്നോക്കമായതിനു കാരണം ബ്രിട്ടീഷുകാരല്ല. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കേണ്ടതാണ്. ഒഴിഞ്ഞുമാറുന്നവരെ ശിക്ഷിക്കാൻ അവസരമുണ്ടാക്കണം. തുടർ വിദ്യാഭ്യാസം സ്ഥിരമായ ഒരു പരിപാടിയായി മാറണം. ഏവർക്കും വിദ്യാഭ്യാസം എന്നെന്നും വിദ്യാഭ്യാസം എന്നതിൻെറ പ്രസക്തി ഇവിടെ നമുക്ക് മനസ്സിലാക്കാൻ കഴിയും.

ഡോ. കെ. മോഹൻദാസ് വിശിഷ്ടാതിഥികൾക്കും സദസ്യർക്കും നന്ദി പറഞ്ഞു.

**സെമിനാർ**– പതിനൊന്നര മണിക്ക് ആരംഭിച്ചു. 'ഏവർക്കും വിദ്യാഭ്യാസം– എത്ര അകലെ' എന്ന വിഷയം ഡോ: ശിവദാസൻപിള്ള അവതരിപ്പിച്ചു.


ന്നു വിശ്വസിക്കുന്ന ഒരു സമൂഹം ഉണ്ടാക്കാൻ കഴിയും. വിദ്യാഭ്യാസം എല്ലാക്കാലത്തും തുടർന്ന് നടത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്.

### ഡോ. കെ. ശിവദാസൻപിള്ള

സാക്ഷരത മാത്രമല്ല വിദ്യാഭ്യാസം. സാക്ഷരത എല്ലാവർക്കും കൊടുക്കണം, പക്ഷേ അത് ആരുടേയും സൗജന്യമായി കണക്കാക്കരുത് ഔദാര്യമല്ല, അവകാശമാണ്. അത് നമ്മുടെ ഭരണഘടനയിൽ എഴുതിപ്പിടിപ്പിച്ചിരുന്നു. പക്ഷേ ഇന്നും അത് നിറവേററിയിട്ടില്ല. സാക്ഷരതാപരിപാടിയിൽ മുൻതൂക്കം 15–35 പ്രായക്കാർക്കാണ്. അത് 1995ന് നേടണമെന്നാണ് വെച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനം സമ്പൂർണ്ണ സാക്ഷരത പ്രഖ്യാപിച്ചു. അത് 6–60 വയസ്സുകാരെ ഉൾപ്പെടുത്തിയാണ്. ഇപ്പോഴും പ്രവർത്തനം നടക്കുന്ന ഇന്ത്യ മൊത്തം എടുത്താൽ 2000–ാം മാണ്ടിൽ സമ്പൂർണ്ണസാക്ഷരത നേടിയെടുക്കുക സാദ്ധ്യമല്ല. ഡൽഹിയിൽ കൂടിയ വിവിധ രാജ്യങ്ങളുടെ പ്രതിനിധികൾ ചില തീരുമാനങ്ങൾ എടുത്തിരുന്നു. അതിൽ ഒന്നാമത് എല്ലാവരേയും സ്കൂളിൽ എത്തിക്കുക, രണ്ടാമത് കൊഴിഞ്ഞു പോക്ക് തടയുക, മറെറാന്ന് സ്ത്രീ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രധാന്യം നൽകലാണ്. രാഷ്ട്രീയമായ ഇച്ഛാശക്തിയുണ്ടെങ്കിലേ 2000 ത്തോടു കൂടി നമ്മുടെ രാജ്യത്തിന് സമ്പൂർണ്ണ സാക്ഷരതയുടെ അടുത്ത് എത്താൻ കഴിയൂ.

### ഡോ. കെ. സോമൻ–(മോഡറേറ്റർ)

(മുൻ വിദ്യാഭ്യാസ വികസന കമ്മിഷണർ ആൻറ് പ്രൊഫസർ ഓഫ് എഡ്യൂക്കേഷൻ)



ജനങ്ങൾക്ക് കൊടുക്കുന്ന വിദ്യാഭ്യാസത്തിന്റെ തോത് അല്ലെങ്കിൽ ആഴം എന്തായിരിക്കണം എന്ന് തീരുമാനിക്കേണ്ടത് ആവശ്യമാണ്. വിദ്യാഭ്യാസം ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേററാനുതകണം. വിദ്യാഭ്യാസം വളരെയെറെ വികസന സാദ്ധ്യതയുള്ള ഒരു അടിസ്ഥാന പ്രക്രിയയാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് 'എല്ലാവർക്കും വിദ്യാഭ്യാസം' എന്ന പരിപാടിയ്ക്ക് രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രാഷ്ട്രങ്ങളെ വിദ്യാഭ്യാസ പരിപാടി ഫലപ്രദമായി നടപ്പിലാക്കാൻ എല്ലാ രാഷ്ട്രങ്ങളും സഹായിക്കേണ്ടതാണ് എന്ന് രൂപരേഖയിൽ പറയുന്നുണ്ട്. അതിന്റെ വിവിധ വശങ്ങൾ ഇവിടെ ചർച്ചചെയ്തു ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയാണ് ഈ സെമിനാറിന്റെ ലക്ഷ്യം.

## തുടർ വിദ്യാഭ്യാസത്തിൽ മാദ്ധ്യമങ്ങളുടെ പങ്ക്

ശ്രീ. എ പ്രഭാകരൻ
(പ്രൊഡ്യൂസർ, വിദ്യാഭ്യാസവിഭാഗം, ആകാശവാണി, തിരുവനന്തപുരം)

കേരളാ യൂണിവേഴ്സിററിയുടെ വയോജന വിദ്യാഭ്യാസ വ്യാപന കേന്ദ്രവുമായിട്ട് അത് തുടങ്ങിയ കാലം മുതൽ തന്നെ, 13–14 വർഷങ്ങൾക്കു മുൻപുതന്നെ വളരെ അടുത്തിടപഴകാനുള്ള സാഹചര്യം എനിക്കുണ്ടായിട്ടുണ്ട് ആകാശവാണിയുടെ ഔപചാരിക–അനൗപചാരിക വിദ്യാഭ്യാസ പരിപാടിയിലൂടെ കേരളത്തിലെ വിദ്യാഭ്യാസ ചിന്തകന്മാരിലും കോളജ് അദ്ധ്യാപകരിലും കോളേജ് വിദ്യാർത്ഥികളിലും വയോജന വിദ്യാഭ്യാസ പ്രവർത്തകരിലും നിരക്ഷരരിലുമൊക്കെ കേരളാ യൂണിവേഴ്സിററിയിലെ വയോജന വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തെക്കുറിച്ച് ഒരു ആശയം എത്തിച്ചുകൊടുക്കുന്ന വളരെ ശക്തമായ ഒരു ജിഹ്വയായിരുന്നു ആകാശവാണി തിരുവനന്തപുരം നിലയം. ഇത് പറയാൻ കാരണം 14 വർഷത്തെ പ്രവർത്തനങ്ങൾ ഇവിടെ ചർച്ചചെയ്യപ്പെടും എന്നു ഞാൻ വിചാരിക്കുന്നു. മാദ്ധ്യമങ്ങൾ വയോജന–തുടർ വിദ്യാഭ്യാസത്തിൽ എങ്ങനെ പ്രവർത്തിക്കണം എന്ന് വളരെ ചുരുങ്ങിയ സമയത്തിൽ അവതരിപ്പിക്കാൻ കഴിയുകയില്ലെന്ന് എല്ലാവർക്കും അറിയാം. പരിഷ്കൃത രാജ്യങ്ങളെപ്പോലെതന്നെ മൂന്നാം ലോകരാഷ്ട്രങ്ങളിലും മാദ്ധ്യമങ്ങൾ ഓരോ വ്യക്തിയേയും ചൂഴ്ന്നു നില്ക്കുകയാണ്. മാദ്ധ്യമങ്ങളിൽ നിന്ന് രക്ഷപ്പെട്ട് മറെറവിടെയെങ്കിലും പോയി താമസിക്കാൻ ഇന്നത്തെ ലോകത്ത് ഒരു വ്യക്തിക്കും സാദ്ധ്യമല്ല. മനുഷ്യന്റെ ചിന്താഗതിയേയും പ്രവർത്തനത്തേയും സ്വാധീനിച്ചിട്ടുള്ള ഏററവും പ്രധാനപ്പെട്ട ഉപകരണങ്ങളാണ് മാദ്ധ്യമങ്ങൾ. സിനിമയും ടെലിവിഷനും ഇന്നത്തെകാലത്ത് എല്ലാവരെയും വളരെ അഗാധമായി സ്വാധീനിക്കുന്നുണ്ട് എന്ന് നമുക്കറിയാം. ഇത് ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകാനും ബോധവൽക്കരണത്തിനും എത്രമാത്രം ഉപയോഗിക്കുന്നു എന്നതും ഏവർക്കും സംശയമുള്ള കാര്യമാണ്. ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങൾ ഈ രംഗത്ത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും എന്നത് പാശ്ചാത്യ രാജ്യങ്ങളിൽ തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വിദ്യാഭ്യാസ വിപ്ളവത്തിന് ഒരു 'പ്രായോഗിക മാദ്

ധ്യമമായിട്ട് ഉപയോഗിക്കുന്നു എന്നാൽ നമ്മുടെരാജ്യത്ത് സാധാരണക്കാരന് ഇത് എത്രമാത്രം ഉപയോഗിക്കാൻ കഴിയുന്നു എന്ന കാര്യത്തിൽ ഒരു പുനർവിചിന്തനം നടത്തേണ്ടതായിട്ടുണ്ടെന്ന് തോന്നുന്നു. വിദ്യാഭ്യാസ പ്രവർത്തകരും മീഡിയാ പ്രവർത്തകരും ഒരു തുറന്ന ചർച്ച നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു മീഡിയ പ്രവർത്തകരും വിദ്യാഭ്യാസ പ്രവർത്തകരും രണ്ടു വഴിയിലിറങ്ങി പ്രവർത്തനം നടത്തുന്നത് നിർത്തേണ്ട കാലമായി, പ്രത്യേകിച്ചും കേരളത്തിൽ കൂടിയാലോചനകൾ വഴിയും ആശയസമന്വയം വഴിയും പുതിയ പ്രായോഗിക രീതികൾ അവതരിപ്പിക്കേണ്ടതാണ്. 10 കൊല്ലത്തെ നേരിട്ടുള്ള പ്രവർത്തനഫലമായുണ്ടാകാവുന്ന ഫലങ്ങളെക്കാളും അധികം പ്രവർത്തനം അത്രയും സാമ്പത്തിക ചിലവില്ലാതെ ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളിലൂടെ നമുക്ക്സാധിച്ചെടുക്കാൻ കഴിയും. തിരുവനന്തപുരം ആകാശവാണി നിലയം കഴിഞ്ഞ 10–15 വർഷക്കാലമായിട്ട് ഈ രംഗത്ത് പല പരീക്ഷണങ്ങളും നടത്തി, ഈ പരീക്ഷണങ്ങളിൽ നിന്ന് വ്യക്തമായി ഒരു കാര്യം മനസ്സിലായത് വയോജന വിദ്യാഭ്യാസത്തിന്റെ പേരു പറഞ്ഞാലും അനൗപചാരിക വിദ്യാഭ്യാസത്തിന്റെ പേരുപറഞ്ഞാലും ആർക്കുവേണ്ടിയാണോ നമ്മൾ പരിപാടി തയ്യാറാക്കുന്നത് അവരുടെ പങ്കാളിത്തം ഇല്ലെങ്കിൽ നമ്മുടെ ഒരു പ്രവർത്തനവും വിജയിക്കാൻ പോകുന്നില്ല. എന്നാണ്. നേരിട്ടുള്ള പഠിപ്പിക്കലായാലും മാദ്ധ്യമങ്ങളിലൂടെയുള്ള പഠിപ്പിക്കലായാലും അത് എത്തിച്ചേരുന്നവ്യക്തിയുടെ പങ്കാളിത്തം ഇല്ലെങ്കിൽ 100 ശതമാനം വിജയം കൈവരിച്ചു എന്ന് നമുക്ക് പറയാൻ കഴിയില്ല. 'ലിസണറെ' പ്രത്യേക നിയന്ത്രണങ്ങൾക്ക് വിധേയനാക്കി നാം വളരെയധികം അവഗണിച്ചു നിർത്തിയിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ മാദ്ധ്യമങ്ങൾക്ക് പററിയിരിക്കുന്ന ഏററവും വലിയ അപകടം അതാണെന്നു എനിക്ക് തോന്നുന്നു. മാദ്ധ്യമങ്ങൾ കാര്യങ്ങൾ ഒരുമാതിരി അടിച്ചേൽപ്പിക്കുന്ന രീതി ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്. പക്ഷേ കേരളത്തിൽ ഇത് സാദ്ധ്യമല്ല. കേരളത്തിൽ ഇത് അനാവശ്യമാണ്. തങ്ങളെക്കാൾ മാനസികമായി ഉയർന്ന ബോധമുള്ളവരോടാണ് തങ്ങൾ സംസാരിക്കുന്നത് എന്ന ബോധമില്ലാത്ത മാദ്ധ്യമപ്രവർത്തകർ മാദ്ധ്യമങ്ങൾക്ക് എന്നും ഒരു ശാപമാണ്. ഉപഭോക്താവും ഉല്പാദകനും ഒന്നിച്ചുള്ള ഒരു പ്രവർത്തനം ഇത് മാററുന്നതിന് ആവശ്യമായിരിക്കുന്നു. ഈ കാര്യമാണ് ഇത്രയുംകാലം അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം മാദ്ധ്യമങ്ങളിലൂടെ നടത്തിയ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു സത്യം. വളരെ ഉയർന്നതട്ടിൽ നിന്ന് താഴെയ്ക്കു സംസാരിക്കുന്ന രീതി കേരളത്തിൽ വേണ്ട. മാദ്ധ്യമങ്ങൾക്കുള്ള ഒരു പ്രത്യേകത 60 ശതമാനം വിനോദവും 40 ശതമാനം 'ഫാക്ററും' ചേർത്തേ പറയാവൂ എന്ന് വർഷങ്ങൾക്കു മുമ്പേ തീരുമാനിച്ചുവെച്ചിട്ടുള്ള കാര്യമാണ്. അത്തരം ചിട്ടകളൊക്കെ എടുത്തുമാറേറണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതാതു പ്രദേശത്തെ ആവശ്യങ്ങൾക്ക് അനുസരിച്ച് മാധ്യമങ്ങളെ ഉപയോഗിക്കാൻ കഴിയണം. ഈ മധുരം ചേർത്തുള്ള പരിപാടി നിർത്തി 'ടാർജററ് ഗ്രൂപ്പി'ലേക്കു നേരിട്ടുള്ള ആശയ വിനിമയം ആവശ്യമായിരിക്കുന്നു. വിദ്യാഭ്യാസ രംഗത്തെങ്കിലും നമ്മൾ മുഖംമൂടി മാററി നേരിട്ട് ആശയവിനിമയം നടത്തേണ്ടിയിരിക്കുന്നു.

## തുടർ വിദ്യാഭ്യാസത്തിൽ ജനവിദ്യാ കേന്ദ്രങ്ങൾ

ശ്രീ. എം. ഗോപാലൻ
(ഡയറക്ടർ, സ്റ്റേററ് റിസോഴ്സ് സെൻറർ)

1988 ൽ ദേശീയ സാക്ഷരതാ മിഷൻ സ്ഥാപിതമായതിനുശേഷം തുടർന്ന് പഠിക്കാനുള്ള ഒരു സംവിധാനത്തെ കുറിച്ച് ചിന്തിക്കുകയുണ്ടായി. 1988 ൽ എൻ. എൽ. എം, വിഭാവനം ചെയ്ത തുടർ വിദ്യാഭ്യാസത്തിനുള്ള സംവിധാനമാണ് ജനശിക്ഷൺ നിലയം. 5000 ജനസംഖ്യയ്ക്ക് ഒരു ജനശിക്ഷൺ നിലയം സ്ഥാപിക്കാനാണ് നാഷണൽലിററസി മിഷൻ ലക്ഷ്യമിട്ടത്. സമ്പൂർണ്ണ സാക്ഷരതാ പരിപാടി നടപ്പിലാക്കിയതിനുശേഷം 5000 പേർക്ക് ഒരു ജനശിക്ഷൺ നിലയം എന്ന രീതിയിൽ തുടർ വിദ്യാഭ്യാസ സംവിധാനം ഉണ്ടാക്കിയാൽ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയുണ്ടായി. പഠനത്തിൽ നിന്ന് മനസ്സിലായത് 5000 പേർക്ക് ഒരു ജനശിക്ഷൺ നിലയം എന്ന കാഴ്ചപ്പാട് പ്രായോഗികമല്ല എന്നാണ്. ഇന്ന് കേരളത്തിൽ സ്ഥാപിച്ചിരിക്കുന്ന ജനവിദ്യാ കേന്ദ്രങ്ങൾ അക്ഷര സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന ഒരു സംഘടനയാണ് അത് ഒരു പഠന കേന്ദ്രമല്ല. ഇന്ന് പഠന, അക്കാഡമിയ പ്രവർത്തനങ്ങൾ നടത്തുന്ന സംവിധാനത്തെയാണ് അക്ഷര സംഘങ്ങൾ എന്നുപറയുന്നത്. ആന്ധ്രപ്രദേശിൽ ജനവിദ്യാ കേന്ദ്രങ്ങൾ അറിയപ്പെടുന്നത് ജനചൈതന്യ കേന്ദ്രമെന്നാണ്. നമ്മുടെ ജനവിദ്യാ കേന്ദ്രം ഒരു പ്രവർത്തന കേന്ദ്രം ആയി മാറുന്ന അന്നു മാത്രമേ അത് സ്ഥായിയായി മാറുകയുള്ളൂ. ജനവിദ്യാ കേന്ദ്രം എന്നാണോ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നത് അന്നു മാത്രമേ ജനങ്ങൾ അതിനെ സ്വീകരിക്കുകയുള്ളു. ജനവിദ്യാകേന്ദ്രം ഒരു ഇൻഫർമേഷൻ കം ഗൈഡൻസ് സെൻററായി മാറണം. ജനവിദ്യാ കേന്ദ്രങ്ങളിൽ നിന്നും വികസന-ക്ഷേമ പരിപാടികളെ കുറിച്ചുള്ള അറിവുകൾ ലഭ്യമാക്കുകയാണെങ്കിൽ ഇവിടെ സ്ഥാപിക്കാൻ ഉദ്ദേശിച്ച 3000 ജനവിദ്യാ കേന്ദ്രങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമാകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല

## തുടർ വിദ്യാഭ്യാസത്തിൽ കലാലയങ്ങളുടെ പങ്ക്

പ്രൊ. അബ്ദുൽ വഹാബ്
(പ്രിൻസിപ്പൽ, ഇക്ബാൽ കോളേജ്, പെരിങ്ങമ്മല)

വിദ്യാഭ്യാസം എഴുത്തിലും വായനയിലും ഒതുങ്ങി നില്ക്കുന്നില്ല, ജീവിക്കാനുള്ള കഴിവു നേടിയെടുക്കുകയാണ് വിദ്യാഭ്യാസം. അതിൽ ഒരു പ്രധാന പങ്ക് കലാലയത്തിന് വഹിക്കുവാനുണ്ട്. ജനങ്ങളിൽ അവകാശങ്ങൾ ശാസ്ത്രസാങ്കേതിക ബോധം, പരിസ്ഥിതി ബോധം തുടങ്ങിയവ വിദ്യാഭ്യാസത്തിലൂടെ വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. വിജ്ഞാനം ഇന്ന് അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. ഇത് ജനങ്ങളിലേക്ക് പകർന്നു കൊടുക്കാനുള്ള ഉപാധിയാകണം വിദ്യാഭ്യാസം. ഇതിൽ ഉന്നത വിദ്യാഭ്യാസ രംഗത്തിന് അതിയായ പങ്ക് വഹിക്കാനുണ്ട്, പരിശീലനം സംഘടിപ്പിക്കുക, മെററീരിയൽസ് നിർമ്മിക്കുക, മോണിററിംഗ്, ഇവാലുവേഷൻ തുട

ങ്ങിയ രംഗങ്ങളിലെല്ലാം യൂണിവേഴ്സിററിയ്ക്ക് അതിൻെറതായ പങ്കു വഹിക്കാൻ കഴിയും. എക്സററൻഷനും മററു കാര്യങ്ങളെപ്പോലെ തന്നെ പ്രാധാന്യം കിട്ടേണ്ടിയിരിക്കുന്നു. വയോജന വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന കോളേജുകൾ ഈ രംഗത്ത് നല്ല പ്രവർത്തനം കാഴ്ചവെയ്ക്കുന്നുണ്ട്.

## തുടർ വിദ്യാഭ്യാസ സാമഗ്രികൾ

പ്രൊഫ: ജോർജ് ഓണക്കൂർ
(ഡയറക്ടർ, കേരള സാക്ഷരതാ സമിതി)

നമ്മുടെ നവസാക്ഷര സാഹിത്യത്തിൽ ഒരു ദിശാനിർണ്ണയം ആവശ്യമാണെന്ന് ഞാൻ കരുതുന്നു. സാഹിത്യം എന്ന പദം പലപ്പോഴും തെററിദ്ധരിക്കപ്പെടാറുണ്ട്. വാക്കുകളുടെകല എന്ന രീതിയിലാണ് സാഹിത്യം സ്വീകരിച്ചിരിക്കുന്നത്. നവ സാക്ഷരർക്കുവേണ്ടി പുസ്തകങ്ങൾ, പത്രങ്ങൾ, മാസികകൾ തുടങ്ങിയവ തയ്യാറാക്കുമ്പോൾ അതിൻെറ സ്വഭാവം എന്തായിയിരിക്കണം, മുഖ്യമായി അതിൻെറ ഉള്ളടക്കത്തിൻെറ സ്വഭാവം എന്തായിരിക്കണം, അതിൻെറ ശൈലി എങ്ങനെയുള്ളതാകണം എന്നതിനെക്കുറിച്ച് വളരെ വ്യക്തമായ ഒരു കാഴ്ചപ്പാട് ഉണ്ടാകേണ്ടിയിരിക്കുന്നു എന്ന് എനിക്ക് തോന്നുന്നു. ഞാനിതു പറയാൻ കാരണം ഈ രംഗത്തുണ്ടായിട്ടുള്ള പല പുസ്തകങ്ങളും ഇത്തരം ഒരു നിഷ്ഠ പാലിച്ചിട്ടില്ല എന്നതു കൊണ്ടാണ്. ഏതു സാഹിത്യവും നമ്മുടെ ജീവിത യാഥാർത്ഥ്യങ്ങളോട് ബന്ധപ്പെടുന്നില്ല എങ്കിൽ അതിന് ഒരു പ്രേരണയും നമ്മിൽ ചെലുത്താൻ കഴിയുകയില്ല എന്നാണ് എനിക്ക് തോന്നുന്നത്. പ്രത്യേകിച്ചു ഒരു 'അഡൽട്ട്' ജീവിക്കുന്നത് വർത്തമാനകാല യാഥാർത്ഥ്യത്തിലാണ്. ഒരു കുട്ടി ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളുമായി ജീവിക്കുന്നു, പ്രായം ചെന്ന ഒരാൾ ഭൂതകാലത്തെക്കുറിച്ചുള്ള ചിന്തകളുമായി കഴിയുന്നുണ്ടെങ്കിൽ ജീവിതത്തിൽ പ്രവർത്തിക്കുകയും വളരുകയും ചെയ്യുന്ന ആളുകൾ വർത്തമാനകാല യാഥാർത്ഥ്യത്തിൽ നിലകൊള്ളുന്നു.

അങ്ങനെ വരുമ്പോൾ അതുമായി നേരിട്ട് ബന്ധമുള്ള സംഭവങ്ങളായിരിക്കണം ഈ നവ സാക്ഷര സാഹിത്യത്തിൻെറ ഉള്ളടക്കമായി സ്വീകരിക്കേണ്ടത്. അത് വളരെയേറെ രസകരമാകണം എന്ന കാര്യത്തിൽ യാതൊരു സന്ദേഹവുമില്ല. ആർക്കുവേണ്ടി എഴുതുന്നു എന്നു മനസ്സിലാകാതെ എഴുതിയതുകൊണ്ട് യാതൊരു അർത്ഥവുമില്ല. ഒരു എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം അയാൾ എഴുതുന്നത് എന്നെപ്പോലെ ഒരാളുണ്ട് എന്ന യാഥാർത്ഥ്യത്തിൻെറ അടിസ്ഥാനത്തിലാണ്. 'സമാനഹൃദയനായി പാടുന്നേ ഞാൻ' എന്ന സുഗതകുമാരിയുടെ വാക്കുകൾ ഓർമ്മിച്ചു കൊണ്ടു പറയുന്നതാണ് ഞാൻ. അങ്ങനെ മാനസികമായ ഒരു ഐക്യം വായനക്കാരും എഴുത്തുകാരും തമ്മിലുണ്ടാകേണ്ടത് ആവശ്യമാണ് അത് സാദ്ധ്യമാകണമെങ്കിൽ രചന രസകരമാകണം. അതുപോലെ ഒരു ഉയർന്ന മാനവികത സൃഷ്ടിക്കു

ന്നതിന് ഈ കൃതികൾ സഹായകരമാകണം. നമ്മുടെ ജീവിത യാഥാർത്ഥ്യ ങ്ങളോട് ബന്ധപ്പെട്ടതാകണം, നമ്മുടെ ജീവിതത്തെ മെച്ചപ്പെടുത്താൻ സഹായിക്കുന്നതാകണം. ഒപ്പം ജീവിതത്തെക്കുറിച്ച് നല്ല ഒരു ഉൾക്കാഴ്ച വേണം. നമ്മുടെ നാടിൻെറയും സമൂഹത്തിൻെറയും മനുഷ്യരാശിയുടെയും തന്നെ വികാസ പരിണാമങ്ങളിൽ ഈ പുത്തനായി അറിവുനേടി വായിച്ചു വളരുന്ന ആളുകൾക്ക് ഒരു കടമ, ഒരു ചുമതല നിർവഹിക്കാനുണ്ട് എന്ന ബോധ്യം അവരിൽ ജനിപ്പിക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള പുസ്തകങ്ങളാകണം ഉണ്ടാവേണ്ടത്. നമ്മളെ Spirituality യുടെ തലത്തിലേക്ക് ഉയർത്തുവാൻ കഴിയുന്ന പുസ്തകങ്ങളാണ് വേണ്ടത്. ശൈലിയുടെ കാര്യത്തിൽ ഏററവും ഉന്നതമാ ? ജീവിതാദർശങ്ങൾ ലളിതമായി പറയാൻ കഴിയണം. വളരെ ലളിതമായ ഒരു പദാവലി രചനയ്ക്കുണ്ടാകണം. ആശയങ്ങൾ നേരിട്ട് പറയാൻ കഴിയണം. ഈ കാര്യങ്ങളെക്കുറിച്ച് ബോധ്യമുള്ള ആൾക്കേ നവസാക്ഷരർക്കുവേണ്ടി പുസ്തകങ്ങൾ ഉണ്ടാക്കാൻ സാധിക്കൂ. creative writers ന് മാത്രമേ ഈ രംഗത്ത് കാര്യമായ എന്തെങ്കിലും ചെയ്യാൻ കഴിയൂ എന്ന് ഞാൻ വിശ്വസിക്കുന്നു. നവസാക്ഷരരുടെ ജീവിത സാഹചര്യങ്ങളുമായി ബന്ധമുള്ളവർക്കേ അവർക്കുവേണ്ടി പുസ്തകം രചിക്കാൻ കഴിയു. ഇങ്ങനെയുള്ള പുസ്തകങ്ങൾ നവസാക്ഷരരെ കൊണ്ട് വായിപ്പിച്ച് കാലാനുസൃതമായിട്ട് മാററങ്ങൾ വരുത്തിയാൽ സാമാന്യം നല്ല നവസാക്ഷര പുസ്തകങ്ങൾ ഉണ്ടാക്കാൻ കഴിയും.

## തുടർ വിദ്യാഭ്യാസത്തിൽ ശാസ്ത്രത്തിനുള്ള സ്ഥാനം

**ഡോ. സി. പി. അരവിന്ദാക്ഷൻ**
(പ്രിൻസിപ്പൽ, ഗവൺമെൻറ് കോളേജ്, മലപ്പുറം)

നവസാക്ഷരരെ ശാസ്ത്രവുമായി എത്രത്തോളം ബന്ധപ്പെടുത്തണം എന്ന് നമ്മൾ ആലോചിക്കേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതിക പുതിയ കണ്ടുപിടിത്തങ്ങൾ നവസാക്ഷരരെ പഠിപ്പിച്ചാൽ നമ്മുടെ വികസന രംഗത്ത് ഒരു പുതിയ മാററം ഉണ്ടാക്കാൻ നമുക്ക് കഴിയും. ശാസ്ത്രത്തിൻെറ വിവിധ വശങ്ങളിൽ അഗാധമായ ശാസ്ത്രബോധമുള്ളവരുണ്ട്. ആ ശാസ്ത്രബോധമാണ് അവരെ ചൈതന്യമുള്ളവരാക്കിയത്. നവസാക്ഷരരുടെ ജീവിതത്തിൽ ഇന്ന് ശാസ്ത്രം കാര്യമായ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. കീടനാശിനിയെയും കൃഷിയെയും കടലിനേയും മത്സ്യബന്ധനത്തെക്കുറിച്ചും ഒക്കെ ഉള്ള അറിവുകൾ നമ്മുടെ നവസാക്ഷരർക്കുണ്ട്, സാമൂഹ്യ പുരോഗതി ശാസ്ത്രപുരോഗതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. സാക്ഷരത എന്നു പറഞ്ഞാൽ വികസനമാണ്. മനുഷ്യൻെറയും മനുഷ്യ മനസിൻെറയും പുരോഗതിയാണ് സാക്ഷരത. ശാസ്ത്രപുരോഗതി വികസനത്തിനുള്ള ആയുധമാണ്. മനുഷ്യ സമൂഹത്തിൻെറ പ്രശ്നങ്ങൾ പരിഹരിക്കാൻ ശാസ്ത്രത്തിനു മാത്രമേ കഴിയുകയുള്ളു.

## തുടർ വിദ്യാഭ്യാസവും തൊഴിലാളികളും

ഡോ. ടി. ആർ. എസ്. ഉണ്ണിത്താൻ
(V. T. M. NSS കോളേജ്, ധനുവച്ചപുരം)

സമരം വരുമ്പോൾ യു. ജി. സി യുടെ 3000 വും 5000 വും വാങ്ങുന്ന നമ്മെല്ലാം തൊഴിലാളികളാണ്. തൊഴിലാളികളല്ലാത്ത ആരും കേരളത്തിലും ഇന്ത്യയിലും ഇല്ല. തൊഴിലാളിയെ നമുക്ക് ഐ. എൻ. ററി. യു. സിയും സി. ഐ. ടി. യു മായി കാണാൻ കഴിയും. അല്ലെങ്കിൽ മററു ട്രേഡു യൂണിയനുകളായിട്ടാണ് കാണുന്നത് തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ ഇന്നുവരെ ആരും ശ്രമിച്ചിട്ടില്ല. ശ്രമിക്കുമെന്ന് എനിക്ക് വിശ്വാസവുമില്ല. തൊഴിലാളി വിദ്യാഭ്യാസത്തിനു വേണ്ടത്ര പ്രാധാന്യം നമ്മൾ കൊടുക്കുന്നില്ല. തൊഴിലാളി വിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നതിന് ഒരു തൊഴിലാളി സർവ്വകലാശാല ഇന്ത്യയിൽ സ്ഥാപിക്കേണ്ടതാണ്. തൊഴിലാളികളുടെ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിന്, അവരുടെ ആരോഗ്യവും സുരക്ഷിതവും മെച്ചപ്പെടുത്തുന്നതിന്, ഇത്തരം സ്ഥാപനങ്ങൾ ആവശ്യമാണ്. വിദൂര വിദ്യാഭ്യാസം തൊഴിലാളികൾക്ക് നൽകേണ്ടത് ആവശ്യമാണ്. ആ ദിശയിൽ നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

## തുടർ വിദ്യാഭ്യാസം തൊഴിലിലൂടെ

ജി. സുരേഷ് കുമാർ
(പ്രോഗ്രാം ഓഫീസർ, ശ്രമിക് വിദ്യാ പീഠ്, തിരുവനന്തപുരം)

തൊഴിൽ രഹിതർക്കുവേണ്ടിയുള്ള വിദ്യാഭ്യാസ പരിപാടികൾക്ക് നമ്മൾ മുൻതൂക്കം നൽകണം. അവരുടെ വൈദഗ്ദ്ധ്യം വളർത്തുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും നമ്മൾ അവരെ സഹായിക്കണം. പരമ്പരാഗത തൊഴിലാളികൾക്ക് അവരുടെ തൊഴിൽ മെച്ചപ്പെടുത്താനുള്ള പരിപാടികൾ നടത്തുന്നതായിരിക്കും ഉചിതം. കാർഷിക തൊഴിലാളികൾക്ക് അവരുടെ ഏരിയയിലുള്ള പരിശീലനം കൊടുക്കണം. ഒപ്പം പ്രദേശിക വിഭവങ്ങൾ കണ്ടെത്തി അതിനനുസരിച്ചുള്ള വിദ്യാഭ്യാസം കൊടുക്കുന്നതായിരിക്കും നല്ലത്.

## തുടർ വിദ്യാഭ്യാസവും സ്ത്രീകളും

ഡോ: എം. ഏ. ശാരദാമ്മ
(FACT ഹൈസ്കൂൾ, ആലുവ)

സ്ത്രീ വിദ്യാഭ്യാസത്തിൻെറയും തുടർ വിദ്യാഭ്യാസത്തിൻെറയും പ്രാധാന്യം നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്, എല്ലാവർക്കും വിദ്യാഭ്യാസം നൽകണമെങ്കിൽ ആദ്യം സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകണം. സ്ത്രീ അടിമയും ബലഹീനയുമാണ്, അങ്ങനെയുള്ള സ്ത്രീയ്ക്ക് എങ്ങനെ സമൂഹ പുരോഗതിയ്ക്കുവേണ്ടി പ്രവർത്തിക്കാൻ കഴിയും? ഒരു പുരാണ തത്വ ചിന്തകൻ പറഞ്ഞത് സ്ത്രീ നകരത്തിലേക്കുള്ള കവാടം എന്നാണ്.

സ്ത്രീകൾ മുഖാന്തിരം കൊലപാതകം വരെ നടന്നിട്ടുണ്ട്. സ്ത്രീകൾക്കു പോലും അവരോടുള്ള അവജ്ഞ മാറിയിട്ടില്ല. അത് മാററാൻ തുടർ വിദ്യാഭ്യാസം അത്യാവശ്യമാണ്. സ്ത്രീകൾക്ക് പഠിക്കാൻ വേണ്ട സമയം കിട്ടാറില്ല. സ്ത്രീകൾക്ക് സ്വന്തം അവകാശങ്ങളെക്കുറിച്ചു ബോധം ഉണ്ടായിരുന്നെങ്കിൽ ഇത്തരം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടി വരുമായിരുന്നില്ല. 1978 മുതൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അരയും തലയും മുറുക്കി വയോജന വിദ്യാഭ്യാസ പരിപാടിയിൽ മുഴകി. 2000–മാണ്ടോടുകൂടി എല്ലാവരക്കും വിദ്യാഭ്യാസം ലഭിക്കാൻ കഴിയുമാറാകട്ടെ എന്ന് ആശംസിക്കുന്നു.

## തുടർ വിദ്യാഭ്യാസത്തിൽ ലൈബ്രറികളുടെ പങ്ക്

**ജെ. ശശിധരൻ നായർ**
(പബ്ലിക്കേഷൻ സെക്രട്ടറി, കാൻഫെഡ്)


കേരളത്തിലെ ബഹുജനങ്ങളിലേക്ക് വയോജന വിദ്യാഭ്യാസം ആദ്യമായി എത്തിച്ചത് ഗ്രാമീണ ലൈബ്രറികളാണ്. കേരള ഗ്രന്ഥശാല സംഘവും കാൻഫെഡും ഇതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ലൈബ്രറികൾ തുടർ വിദ്യാഭ്യാസത്തിൻെറ പ്രധാന ഏജൻസിയായി ഇന്ന് വളർന്നിട്ടുണ്ട്. പെട്ടെന്ന് നമുക്ക് വിദ്യാഭ്യാസം നേടാൻ കടിയുന്നത് ലൈബ്രറിയിലൂടെയാണ്. കേരളത്തിൽ ഇന്ന് 9000 ത്തോളം ലൈബ്രറികളുണ്ട്. നമ്മുടെ സ്കൂളുകളിലും കോളേജുകളിലും ധാരാളം ലൈബ്രറികളുണ്ട്. ഇതെല്ലാം നമുക്ക് തുടർ വിദ്യാഭ്യാസത്തിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. ജനശിക്ഷൺ നിലയത്തിൽ കൂടുതൽ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യങ്ങൾ ലൈബ്രറിയിലൂടെ ചെയ്യാൻ കഴിയും. വിദ്യാഭ്യാസം സമൂഹത്തിൻെറ ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വം നിർവ്വഹിക്കാൻ കഴിയുന്ന സ്ഥാപനങ്ങളാണ് ലൈബ്രറികൾ. കൂട്ടായ വായന ഇന്നും കേരളത്തിൽ നടന്നു വരുന്ന ഒരു പരിപാടിയാണ്. കണ്ണൂരിലെ ബീഡിത്തൊഴിലാളികളുടെ ഇടയിൽ ഇത് കാണാം. എല്ലാ ലൈബ്രറികളിലും നവസാക്ഷര പുസ്തക കോർണർ ഉണ്ടാക്കണം. നവ സാക്ഷര ന്യൂസ് ലൈററുകളും പേപ്പറുകളും നമ്മുടെ ലൈബ്രറികളിലുണ്ടാകണം. റേഡിയോ, ടി. വി. തുടങ്ങിയ മാദ്ധ്യമങ്ങളും ഫലപ്രദമായി ഈ രംഗത്ത് ഉപയോഗിക്കണം. നാഷണൽ ഓപ്പൺ സ്കൂളിൻെറ സ്ററഡി സെൻററുകളായി നമ്മുടെ പ്രധാന ലൈബ്രറികൾ മാററിയെടുക്കണം. ലൈബ്രറികൾ ഉപയോഗിച്ചെങ്കിൽ മാത്രമേ തുടർ വിദ്യാഭ്യാസ പരിപാടി വിജയിക്കുകയുള്ളൂ.

## തുടർ വിദ്യാഭ്യാസത്തിൽ ജനസംഖ്യാ ബോധവൽക്കരണം

**ഡോ. കെ. കൃഷ്ണകുമാരി**
(ഡെമോഗ്രഫി ഡിപ്പാർട്ട്മെൻറ്, കേരള സർവ്വകലാശാല)

എല്ലാവർക്കും അറിയാവുന്ന കാര്യമാണ് ഇന്ന് ജനപ്പെരുപ്പം കൂടുതലാണ് എന്നത്. ജനങ്ങൾ അമിതമായി വർദ്ധിച്ചാൽ ഉണ്ടാകാവുന്ന ആപത്തുകളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കണം. വികസന പരിപാടി


CENTRE FOR ADULT EDUCATION AND
UNIVERSITY OF KERA
14th ANNIVERSARY
14th FEBRUARY



യ്ക്ക് പണം ലഭിക്കണമെങ്കിൽ ജനപ്പെരുപ്പം കുറയ്ക്കണം. അതിന് സാധാരണ ജനങ്ങളെ ജനസംഖ്യാ ശാസ്ത്രം പഠിപ്പിക്കണം. തുടർ വിദ്യാഭ്യാസത്തിലൂടെ അത് കാര്യമായി നടത്താൻ കഴിയും. അംഗങ്ങളുടെ എണ്ണം കുറഞ്ഞാൽ കുടുംബത്തിനും സമൂഹത്തിനും നല്ലതാണ്. നവസാക്ഷരരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നതിന് സമീപനം എന്തായിരിക്കണം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു ഗ്രാമത്തിലും നഗരത്തിലും ഉള്ളവർക്ക് വിവിധ സമീപനങ്ങളാണ് നല്ലത്'. ജനസംഖ്യ വർദ്ധിക്കുന്നതുകൊണ്ടാണ് നഗരങ്ങളിൽ ചേരി പ്രദേശങ്ങൾ രൂപം കൊള്ളുന്നത്. മററുള്ളവരുമായുള്ള സമ്പർക്കത്തിലൂടെ ജനസംഖ്യാ വർദ്ധനവിന്റെ ദൂഷ്യ വശങ്ങൾ നമുക്ക് നവസാക്ഷരരെ പറഞ്ഞു മനസ്സിലാക്കാൻ കഴിയും. തൊഴിലുള്ളവരുടെ ഇടയിൽ കുട്ടികളുടെ എണ്ണം കുറവായിരിക്കും. വിദ്യാഭ്യാസം ഉള്ളവരെയും ജനസംഖ്യാ വർദ്ധനവിനെക്കുറിച്ച് ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. അതിന് തുടർ വിദ്യാഭ്യാസം ആവശ്യമാണ്.

പ്രൊ. എം. ചന്ദ്രശേഖരൻ നായർ, ഡോ ആർ. ഗോപാലൻ ചെട്ടിയാർ, ശ്രീ. കെ. കെ. പെരുമാൾ, ശ്രീ. എസ്. കെ. സുരേന്ദ്രൻ എന്നിവർ ചർച്ചകളിൽ പങ്കെടുത്ത് സംസാരിച്ചു. മോഡറേറർ ഡോ. കെ. സോമൻ ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കണമെന്ന നിർദ്ദേശത്തോടെ ചർച്ചകൾക്ക് വിരാമമിട്ടു.

## സമാപന സമ്മേളനം

ഡോ. വി. രഘു, (അസി. ഡയക്ടറർ, സി. എ. സി. ഇ, ഇ) വിശിഷ്ടാതിഥികൾക്കും സദസ്യർക്കും സ്വാഗതമരുളി. ശ്രീ. കെ. അരവിന്ദാക്ഷൻ പിള്ള സെമിനാറിൽ നിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ സമാപന സമ്മേളനത്തിൽ അവതരിപ്പിച്ചു.

### ഡോ: വി. കെ. സുകുമാരൻ നായർ
(മുൻ വൈസ് ചാൻസിലർ, കേരള യൂണിവേഴ്സിററി))

കഴിഞ്ഞ 14 വർഷമായി കേരള സർവ്വകലാശാല വയോജന തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം. വിവിധ രംഗങ്ങളിൽ കാര്യമായി പുരോഗതി നേടിയിട്ടുണ്ട്. ഒപ്പം കേരളത്തിന്റെ നിരക്ഷരത കാര്യമായി കുറയുകയും ചെയ്തു. ഏഷ്യയിലും ഇന്ത്യയിലും അതേസമയം നിരക്ഷരത വർദ്ധിക്കുകയായിരുന്നു. ആരോഗ്യത്തിന്റെ കാര്യത്തിലും സാക്ഷരതയുടെ കാര്യത്തിലും കേരളം ആഗോളമായി ചർച്ചചെയ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. കേരളംവികസനമാതൃക വളരെ പ്രശസ്തമാണ്. രാജീവ് ഗാന്ധി ഉത്ഘാടനം ചെയ്ത ദേശീയ സാക്ഷരതാ മിഷൻ ഇന്ത്യയിലെ നിരക്ഷരത തുടച്ചു മാററുന്നതിന് കാര്യമായ പുരോഗതി നേടിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിൽ വയോജന വിദ്യാഭ്യാസത്തിനുവേണ്ടി വിവിധ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. സ്റേററ് അഡൽട്ട് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെൻറ് നമുക്കുണ്ട്. പക്ഷേ റിട്ടയർ ചെയ്യാൻ പോകുന്നവരെ നിയമിക്കുന്ന ആ ഡിപ്പാർട്ട്മെൻറിന്റെ പ്രവർത്തനം ഫലപ്രദമായില്ല. നിരക്ഷരത നിർമ്മാർജനത്തിന് സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ആവശ്യമാണ്. അക്കാര്യത്തിൽ നമ്മൾ ഒരു മാതൃകയായി, സന്നദ്ധ സംഘടന



കളുടെ സഹായത്തോടുകൂടിയാണ് നമ്മൾ സമ്പൂർണ്ണ സാക്ഷരത നേടിയത്, നമ്മുടെ സർവ്വകലാശാല വയോജന തുടർ വിദ്യാഭ്യാസത്തിന് കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. പഠന ബോധന ഉപകരണങ്ങൾ വികസിപ്പിക്കുകയും ബോധവൽക്കരിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ നമ്മുടെ സർവ്വകലാശാല മുന്നിലായിരുന്നു സാക്ഷരതയിൽ മുന്നിലാണെങ്കിലും വ്യവസായവൽക്കരണത്തിലും ആളോഹരി വരുമാനത്തിലും നമ്മൾ വളരെ പിന്നിലാണ്.

കേരള സർവ്വകലാശാല വയോജന തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന് ഗവൺമെൻറിൽനിന്നോ സർവ്വകലാശാലയിൽനിന്നോ വേണ്ടത്ര അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നുസംശയമാണ്. ഇത്രയും നല്ല പ്രവർത്തനം കാഴ്ചവെച്ച സെൻററിന് 14 വർഷം കഴിഞ്ഞിട്ടുംസ്ററാററ്യൂട്ടറിപദവി നൽകാതിരുന്നത് അതിനൊരുദാഹരണമാണ്. അത് ഒരു പൂർണ്ണ ഡിപ്പാർട്ടുമെൻറായി മാറേണ്ടതാവശ്യമാണ്. ഇന്ന് സെൻറർ യു. ജി. സി. യുടെ സാമ്പത്തിക സഹായത്തോടുകൂടിയാണ് നില നിൽക്കുന്നത്. കേരളത്തിന് തുടർവിദ്യാഭ്യാസ പരിപാടിനൽകാൻവയോജന തുടർവിദ്യാഭ്യാസകേന്ദ്രം അത്യാവശ്യമാണ്. കേന്ദ്രത്തിന് ഗവൺമെൻറിൻെറ പരിപാടിയ്ക്ക് വേണ്ടസഹായം ചെയ്യാൻ കഴിയും,

### അഡ്വ: പാച്ചല്ലൂർ രാജാരാമൻ നായർ
(സിൻഡിക്കേററ് മെമ്പർ, കേരള യൂണിവേഴ്സിററി)

വയോജന തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം കേരള സർവ്വകലാശാലയുടെ തൊപ്പിയിലെ ഒരു പൊൻതൂവലാണ്. സമ്പൂർണ്ണ സാക്ഷരതാ പരിപാടിയെക്കുറിച്ച് കേരളത്തിൽ ആലോചിക്കുന്നതിന് മുൻപ് തന്നെ ഈ രംഗത്ത് വയോജന തുടർ വിദ്യാഭ്യാസ കേന്ദ്രം അഭിമാനകരമായ

പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്. ഡോ. കെ. ശിവദാസൻ പിള്ളയാണ് അതിന് നേതൃത്വം കൊടുത്തത്. അദ്ദേഹം പൂർണ്ണമായും അതിൽ മുഴുകുകയും സർവ്വകലാശാലയ്ക്ക് കാര്യമായ നേട്ടങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സാക്ഷരതാ യജ്ഞം എല്ലായിടത്തും ഉണ്ട്. കേരളത്തിലേയും തമിഴ്നാട്ടിലേയും വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാര്യമായ വ്യത്യാസമുണ്ട് ഇന്നും നമ്മുടെ പ്രദേശങ്ങളിൽ എഴുതാനും വായിക്കാനും അറിയാത്തവരുണ്ട്. അത്തരത്തിലുള്ള പ്രശ്നങ്ങൾ യൂണിവേഴ്സിററിയുടേയും ഗവൺമെൻറിൻെറയും പ്രവർത്തന ഫലമായി ഇല്ലാതാകണം. ഒരു വക്കീലായ എൻെറ ഓഫീസിൽ വരുന്ന പല ഗ്രാമവാസികൾക്കും ഇന്നും ഒപ്പിടാൻ കഴിയില്ല. ഇത് ഒരു ബുദ്ധിമുട്ടുള്ള പ്രശ്നമാണ്. ഇത് വയോജന വിദ്യാഭ്യാസ പ്രവർത്തകർക്ക് ഇല്ലാതാക്കാൻ കഴിയും. സ്വന്തം കുട്ടികളുടെ കത്തുകൾ വായിക്കാൻ പോലും നിരക്ഷരതയുടെ ഫലമായി വയോജനങ്ങൾക്ക് കഴിയില്ല പലതരം ചൂഷണങ്ങൾക്കും അവർ വിധേയരാകേണ്ടി വരുന്നു. വയോജന വിദ്യാഭ്യാസത്തിൻെറ ഫലമായി അത്തരം ചൂഷണങ്ങളും ബുദ്ധിമുട്ടുകളും ഇല്ലാതാക്കാൻ കഴിയും. ഇത് സമൂഹത്തിനു വേണ്ടിയുള്ള പരിപാവനമായ ഒരു പദ്ധതിയാണ്. അതുകൊണ്ടാണ് വയോജന വിദ്യാഭ്യാസ വ്യാപന കേന്ദ്രം കേരള സർവ്വകലാശാലയുടെ തൊപ്പിയിലെ ഒരു പൊൻ തൂവലാണെന്ന് ഞാൻ ആദ്യം പറഞ്ഞത്. ഞാൻ വയോജന തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന് വരും വർഷങ്ങളിൽ കൂടുതൽ വിജയങ്ങൾ ആശംസിക്കുന്നു.

### മിസ്. ലിൻതോമസ് (ലണ്ടൻ)

കേരളത്തിൽ വരുവാനും കേരളത്തിലെ സാക്ഷരതാ പരിപാടികളെക്കുറിച്ച് പഠിക്കുവാനും കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കേരള സർവ്വകലാശാല സംഘടിപ്പിച്ച ഈ പരിപാടിയിൽ പങ്കെടുക്കുന്നതിലൂടെ സാക്ഷരതാ പ്രവർത്തകരോട് നേരിട്ടു സംസാരിക്കാനും പല കാര്യങ്ങളും മനസ്സിലാക്കാനും എനിക്ക് കഴിഞ്ഞു. വളരെ നല്ല സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനമാണ് കേരള സർവ്വകലാശാല വയോജന തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ ഇവിടെ നടക്കുന്നത്. കേരളത്തിലെ ജനങ്ങൾ പഠിക്കാനും വളരാനും താല്പര്യമുള്ളവരാണ്. എനിക്ക് അവർ നൽകിയ നല്ല സ്വീകരണത്തിന് ഞാൻ നന്ദിപറയുന്നു.

* * *

മിസ് ലിൻ തോമസ് ലോക സാക്ഷരതാദിന–ലോക ജനസംഖ്യാദിന ഉപന്യാസ-കവിത–പോസ്ററർ രചനാ മത്സര വിജയികൾക്ക് ക്യാഷ് അവാർഡും മെരിററ് സർട്ടിഫിക്കററുകളും വിതരണം ചെയ്തു (വിജയികളുടെ ലിസ്ററ് പ്രത്യേകം ചേർത്തിട്ടുണ്ട്.)


* * *

ഡോ. വി. കെ. സുകുമാരൻ നായർ 1992–93 വർഷങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച കോളേജ് പ്രോഗ്രാം ഓഫിസർമാർക്ക് (ലിസ്ററ് പ്രത്യേകം ചേർത്തിട്ടുണ്ട്) മെരിററ്സർട്ടിഫിക്കററുകൾ വിതരണം ചെയ്തു.



1983–87 വർഷങ്ങളിൽ ഏററവും മികച്ച വയോജന വിദ്യാഭ്യാസ പ്രവർത്തനം കാഴ്ചവെച്ച കോളേജുകൾക്കുള്ള ട്രോഫികൾ പെരിങ്ങമ്മല ഇക്ബാൽ കോളേജും കൊട്ടാരക്കര സെൻറ് ഗ്രിഗോറിയസ് കോളേജും നേടുകയുണ്ടായി. കേരള സർവ്വകലാശാലയുടെ അന്നത്തെ പ്രോ: വൈസ് ചാൻസിലർ ഡോ. എ. സുകുമാരൻ നായർ ചെയർമാനും കോളേജ് വിദ്യാഭ്യാ





സകൗൺസിൽ ഡയറക്ടർ പ്രൊഫ. പി. ഐ. എ. കരീം, ഡോ. കെ. ശിവദാസൻപിള്ള എന്നിവർ അംഗങ്ങളുമായുള്ള കമ്മററിയാണ് പ്രസ്തുത കോളേജുകളിലെ മികച്ച പ്രവർത്തനം കണ്ടെത്തിയത്. ട്രോഫികൾ മുൻ വൈസ് ചാൻസിലർ ഡോ. വി. കെ. സുകുമാരൻ നായർ ചടങ്ങിൽ വെച്ച് വിതരണം ചെയ്തു.

കേരള സർവകലാശാല വയോജന തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം പ്രോജക്ററ് ഓഫീസർ ശ്രീ. പി. ഗോപിനാഥൻ പിള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് സംസാരിച്ചു. കഴിഞ്ഞ നാലു വർഷങ്ങളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഏതാണ്ട് 4000 ത്തിലധികം ജനബോധന കേന്ദ്രങ്ങളിലൂടെ 60,000 ത്തിലധികം നിരക്ഷരരെ സാക്ഷരരാക്കുന്നതിനും തുടർന്ന് ജനശിക്ഷൻ നിലയങ്ങളിലൂടെ അവർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിനും ജനസംഖ്യാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ കോളേജ് പ്രിൻസിപ്പൽമാർ, പ്രോഗ്രാം ഓഫിസർമാർ, സൂപ്പർവൈസർമാർ, ഇൻസ്ട്രക്ററമാർ, മററ് ഫീൽഡ് തല പ്രവർത്തകർ തുടങ്ങിയവർക്ക് നിരവധി പരിശീലനങ്ങൾ ഞങ്ങൾ നടത്തിയിട്ടുണ്ട്. ഒപ്പം അദ്ധ്യാപക വിദ്യാർത്ഥികൾക്കുവേണ്ടി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ട്രെയിനിങ്ങ് കോളേജുകളിൽ നിരവധി ഓറിയന്റേഷൻ പരിപാടികൾ ഞങ്ങൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ നിരവധി വർഷങ്ങളായി മികച്ച പ്രവർത്തനം നടത്തുന്ന കോളേജുകൾക്കും പ്രോഗ്രാം ഓഫീസർമാർക്കും അവാർഡ് കൊടുക്കാൻ കഴിഞ്ഞത് ഈ ചടങ്ങിന്റെ ഒരു പ്രത്യേകതയാണ്. ഒപ്പം കേരള യൂണിവേഴ്സിററി ലൈബ്രറിയിൽ പ്രസിദ്ധീകരണങ്ങളുടേയും പഠന സഹായി

കളുടെയും എക്സിബിഷൻ സംഘടിപ്പിക്കാൻ കഴിഞ്ഞതും 14-ാം വാർഷികാഘോഷത്തിന്റെ നേട്ടമാണ്. ഈ ചടങ്ങിൽ പങ്കെടുത്ത എല്ലാ വിശിഷ്ടാതിഥികൾക്കും സാക്ഷരതാ പ്രവർത്തകർക്കും അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു. ഒപ്പം സെമിനാറും എക്സിബിഷനും സംഘടിപ്പിക്കാൻ സഹായിച്ച സഹപ്രവർത്തകരായ ശ്രീ എം. വേണുഗോപാലൻ നായർക്കും രാജേന്ദ്രനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ചടങ്ങിൽ വിവിധ മേഖലകളെ പ്രതിനിധീകരിച്ച് 150 ഓളം പേർ പങ്കെടുത്തിരുന്നു.

## ലോകസാക്ഷരതാദിന മത്സരങ്ങളിൽ (1993) വിജയികളായവർ

### എ. ഉപന്യാസ രചന

**1. കോളേജ് വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള മത്സരം**

ഒന്നാം സമ്മാനം : എ. രശ്മി, ഒന്നാം വർഷ പ്രീഡിഗ്രി എ ബാച്ച് ഗവൺമെന്റ് വനിതാകോളേജ്, തിരുവനന്തപുരം.

രണ്ടാം സമ്മാനം : എം. ഐ. ദീപ്തി, അവസാനവർഷ എം. എ (മലയാളം) ഗവ: വനിതാകോളേജ്, തിരുവനന്തപുരം

മൂന്നാം സമ്മാനം : ബി ഷീജ, രണ്ടാംവർഷ ഡിഗ്രി (ഇക്കണോമിക്സ്) ശ്രീ നാരായണ വനിതാകോളേജ്, കൊല്ലം.

**2. പൊതുജനങ്ങൾക്കുവേണ്ടിയുള്ള മത്സരം**

ഒന്നാം സമ്മാനം : എസ്. ജയചന്ദ്രൻ, ജ്യോതിഭവൻ, കൊയ്പ്പള്ളിൽ കാരാൺമ, ഓലകെട്ടിയമ്പലം, മാവേലിക്കര.

രണ്ടാം സമ്മാനം : എ ശിവപ്രസാദ്, ടി സി 41/1561, ശ്രീനഗർ, മണക്കാട്, തിരുവനന്തപുരം–9.

മൂന്നാം സമ്മാനം : 1. ജസ്റ്റിൻ വിനോദ് ആൻഡ്രൂസ്, തിനപുരം, മെപ്പാട് പി ഒ., വയനാട്.

2. ജോൺ ഫിലിപ്പ്, കയ്യാലയ്ക്കൽ ഷിബുവില്ല, ആലരാമപുരം പി. ഒ., കൊല്ലകടവ്, ആലപ്പുഴ.

### ബി. കവിതാരചന

**കോളേജ് വിഭാഗം**

ഒന്നാം സമ്മാനം : എസ്. ഷീന, മൂന്നാംവർഷ ഡിഗ്രി (ഇംഗ്ലീഷ്), ശ്രീ നാരായണ വനിതാ കോളേജ്, കൊല്ലം

രണ്ടാം സമ്മാനം : ധന്യ എഡ്വിൻ, ഒന്നാം വർഷ പ്രീഡിഗ്രി തേഡ് ഗ്രൂപ്പ്, ശ്രീ നാരായണ വനിതാ കോളേജ്, കൊല്ലം.

മൂന്നാം സമ്മാനം : എസ്. സുരേഷ്കുമാർ, ബി.എഡ്. വിദ്യാർത്ഥി
മാർത്തിയോഫിലസ് ട്രെയിനിങ്ങ് കോളേജ്,
തിരുവനന്തപുരം.

## പൊതുജന വിഭാഗം

പ്രോത്സാഹന സമ്മാനം : ഡോ. ജോൺജോർജ്. ടി, മെഡിക്കൽ ഓഫീസർ
ജൂബിലി മെമ്മോറിയൽ ആശുപത്രി,
മീഡ്സ്ലൈൻ, പാളയം, തിരുവനന്തപുരം.

---

# ലോക ജനസംഖ്യാദിനമത്സര വിജയികൾ-1993

---

## ഉപന്യാസ മത്സരം

ഒന്നാം സമ്മാനം : എസ്. ആർ. സിന്ധു, രണ്ടാം വർഷഡിഗ്രി
(ഇംഗ്ലീഷ്) എം. എസ്. എം. കോളേജ്, കായംകുളം.

രണ്ടാം സമ്മാനം : എസ്. രാജേഷ്, നാലാം സെമസ്ററർ മെക്കാനി
ക്കൽ ഇഞ്ചിനിയറിംഗ്, ടി. കെ. എം. ഇഞ്ചിനിയ
റിംഗ് കോളേജ്, കൊല്ലം.

മൂന്നാം സമ്മാനം : 1) വി. വിജയകുമാർ മൂന്നാം വർഷ ഡിഗ്രി
(മാത്സ്) ഗവൺമെൻറ് കോളേജ്, ചവറ.

2) സുമാ രാമചന്ദ്രൻ, മൂന്നാംവർഷ ഡിഗ്രി
(ഇംഗ്ലീഷ്), ഗവ:വനിതാകോളേജ്, തിരുവനന്തപുരം.

## പോസ്റ്റർ മത്സരം

ഒന്നാം സമ്മാനം : വി കെ. ദീപക്, രണ്ടാം വർഷ ഡിഗ്രി (ഇക്കണോ
മിക്സ്), ശ്രീ നാരായണ കോളേജ്, ചെമ്പഴന്തി.

രണ്ടാം സമ്മാനം : മിനുകൃഷ്ണൻ, ശ്രീനാരായണ കോളേജ്,
ചെമ്പഴന്തി.

മൂന്നാം സമ്മാനം : ഷിബുജോർജ്, ഒന്നാംവർഷ ഡിഗ്രി(ഫിസിക്സ്)
ക്രിസ്ത്യൻ കോളേജ്, ചെങ്ങന്നൂർ.

* * *

1992–93 വർഷങ്ങളിലെ മികച്ച വയോജന തുടർ വിദ്യാഭ്യാസ, ജനസംഖ്യാ
വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മെരിററ് സർട്ടിഫിക്കററുകൾ നേടിയ
കോളേജ് പ്രോഗ്രാം ഓഫീസർമാർ

പ്രൊഫ: എം. ചന്ദ്രശേഖരൻനായർ, എസ്.ഡി. കോളേജ്, ആലപ്പുഴ.
പ്രൊഫ: പി.ഗോപാലകൃഷ്ണൻ, ററി.ഡി. മെഡിക്കൽകോളേജ്, ആലപ്പുഴ.
പ്രൊഫ: എം. കെ. രാധാമണി, ശ്രീനാരായണ വനിതാ കോളേജ്, കൊല്ലം.
പ്രൊഫ: ജി. ശ്രീനിവാസൻ, ദേവസ്വംബോർഡ് കോളേജ്, ശാസ്താംകോട്ട.

## പ്രസിദ്ധീകരണങ്ങളുടെ പ്രദർശനം

വയോജന തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ 14–ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി പ്രസിദ്ധീകരണങ്ങളുടെ പ്രദർശനം കേരള യൂണിവേഴ്സിററി ലൈബ്രറിയിൽ നടത്തുകയുണ്ടായി. പ്രദർശനം 1994 ഫെബ്രുവരി 14 ന് കേരള സർവകലാശാല വൈസ് ചാൻസിലർ ഡോ. ജെ. വി. വിളനിലം ഉത്ഘാടനം ചെയ്തു. തദവസരത്തിൽ




വയോജന തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം ഡയറക്ടർ ഡോ, കെ. ശിവദാസൻപിളള അദ്ധ്യക്ഷത വഹിക്കുകയും കേരളാ യൂണിവേഴ്സിററി ലൈബ്രറി ഡെപ്യൂട്ടി ലൈബ്രറിയൻ ശ്രീമതി. അക്കാമ്മ ആശംസകൾ നേർന്നുകൊണ്ട് സംസാരിക്കുകയും ചെയ്തു.

CACEE തയ്യാറാക്കിയ 12 നവസാക്ഷരപുസ്തകങ്ങൾ, ജനബോധനസഹായി, പ്രവർത്തക കൈപുസ്തകം, പരിശീലന സഹായികൾ, വയോജന തുടർ വിദ്യാഭ്യാസ പരിപാടികളെക്കുറിച്ച് തയ്യാറാക്കിയ പുസ്തകങ്ങൾ, ദേശീയ സാക്ഷരതാ മിഷൻ, ഡയറക്ററേററ് ഓഫ് അഡൽററ് എഡ്യൂക്കേഷൻ, യുനെസ്കോ, യൂനിസെഫ്, സംസ്ഥാന വിഭവകേന്ദ്രം, ജനസംഖ്യാ വിദ്യാഭ്യാസ വിഭവകേന്ദ്രം എന്നിവ തയ്യാറാക്കിയ പുസ്തകങ്ങൾ തുടങ്ങിയ ഇനങ്ങൾ പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നു. സി. എ. സി. ഇ. ഇ. വയോജന വിദ്യാഭ്യാസ പരിപാടിയ്ക്കായി തയ്യാറാക്കിയിരുന്ന കോം പ്രിഹെൻസീവ് മോണിററിംഗ് രജിസ്ററർ ഇവാലുവേഷൻ ഷീററുകൾ, പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുളള പ്രോഫോർമ, ഡിപ്ലോമ വിദ്യാർത്ഥികൾ തയ്യാറാക്കിയ ആകർഷകമായ പഠനോപകരണങ്ങളും പഠനസഹായികളും പ്രദർശനത്തിനുണ്ടായിരുന്നു. സി. എ. സി. ഇ. ഇ. ഡയറക്ടർ



ഡോ. കെ.ശിവദാസൻ പിള്ള ഗൈഡു ചെയ്ത Ph.D ഗവേഷണ പ്രബന്ധങ്ങളുടെ കോപ്പികൾ, പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ, ഡിപ്ലോമാ വിദ്യാർത്ഥികൾ തയ്യാറാക്കിയ ഗവേഷണ റിപ്പോർട്ടുകൾ തുടങ്ങിയവയും ഉണ്ടായിരുന്നു. അഡൽട്ട് കണ്ടിന്യൂയിങ്ങ് രംഗത്തെ അന്തർദേശീയ, ദേശീയ പ്രാദേശിക ജേർണലുകൾ പ്രദർശനത്തിലെ പ്രത്യേക ആകർഷണ കേന്ദ്രമായിരുന്നു. സി. എ. സി. ഇ. ഇ. ഡയറക്ടർ ഡോ. കെ. ശിവദാസൻ പിള്ളയും പ്രോജക്ററ് ഓഫീസർ ശ്രീ. പി. ഗോപിനാഥൻ പിള്ളയും പ്രസിദ്ധികരിച്ച ലേഖനങ്ങളും റിസർച്ച് പേപ്പറുകളും പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നു. കൺവെർജൻസ്, ഇന്ത്യൻ ജേർണൽ ഓഫ് അഡൽററ് എഡ്യുക്കേഷൻ, ജേർണൽ ഓഫ് എഡ്യൂക്കേഷണൽ പ്ലാനിംഗ് അൻറ് അഡ്മിനിസ്ട്രേഷൻ, പ്രസാർ, ഇൻറർനാഷണൽ ജേർണൽ ഒഫ് യൂണിവേഴ്സിററി അഡൽട്ട് എഡ്യൂക്കേഷൻ, ഇൻറർ നാഷണൽ എഡ്യൂക്കേററർ, യോജന, സോഷ്യൽ ആക്ഷൻ, സോഷ്യൽ വെൽഫെയർ, അഡൽററ് എഡ്യുക്കേഷൻ ആൻറ് ഡവലപ്പ്മെൻറ് തുടങ്ങിയ പ്രമുഖ ജോർണലുകൾ പ്രദർശനത്തിനുണ്ടായിരുന്നു.

കൂടാതെ സി. എ.സി. ഇ. ഇ. ഏറെറടുത്ത പ്രമുഖ ഗവേഷണ പ്രോജക്ററുകളുടെ റിപ്പോർട്ടുകൾ പ്രദർശിപ്പിച്ചിരുന്നു. ഒൻപതു ജില്ലകളിലെ വയോജന വിദ്യാഭ്യാസ പരിപാടി വിലയിരുത്തിക്കൊണ്ടുള്ള പ്രോജക്ററു റിപ്പോർട്ട്, ആകാശവാണിയും യൂനിസെഫും. ചേർന്നു നടത്തിയ അമ്മയും കുഞ്ഞും പരിപാടിയുടെ റിപ്പോർട്ട് തുടങ്ങിയവ ഈയിനത്തിൽ ഉൾപ്പെടുത്തിയിരുന്നു. സി. എ. സി. ഇ. ഇ യും പെർക്കും പ്രസിദ്ധീകരിച്ചിട്ടുള്ള ന്യൂസ് ലെറററുകൾ, ഐശ്വര്യ ദീപം, ചുവർ പത്രങ്ങൾ തുടങ്ങിയവ ഏറെ ആകർഷകമായിരുന്നു. വയോജന തുടർ വിദ്യാഭ്യാസ കേന്ദ്രം ഇന്ന് 33 കോളേജുകളിൽ കൂടിയും നേരിട്ടും നടത്തുന്ന ജനശിക്ഷൺ നിലയങ്ങൾ, തുടർ

വിദ്യാഭ്യാസ കോഴ്സുകൾ, ജനസംഖ്യാ വിദ്യാഭ്യാസ പരിപാടികൾ എന്നിവയുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചാർട്ടും പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നു.

വയോജന തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിൻെറ കഴിഞ്ഞ 14 വർഷത്തെ പ്രവർത്തനങ്ങൾ എടുത്തുകാട്ടുന്ന അത്യാകർഷകമായ പ്രദർശനം ഉന്നത വിദ്യാഭ്യാസ രംഗത്തേയും സാക്ഷരതാ പ്രവർത്തന മേഖലയിലേയും നൂറു കണക്കിനാളുകളെ ആകർഷിക്കുകയുണ്ടായി. ആയിരത്തിലേറെ ആളുകൾ സന്ദർശിച്ച പ്രദർശനത്തിന് നല്ല പ്രതികരണമാണ് ലഭിച്ചത്. അഭ്യസ്തവിദ്യരെ സാക്ഷരതയുടെ ആവശ്യകത ബോധ്യപ്പെടുത്തിയ പ്രദർശനം എന്ന് ഒരു കൂട്ടം ആളുകൾ പ്രതികരിച്ചപ്പോൾ പ്രദർശനം നിരക്ഷരരുടേയും നവസാക്ഷരരുടേയും ഇടയിൽ വേണ്ടിയിരുന്നു എന്നാണ് മററൊരു കൂട്ടർ പ്രതികരിച്ചത്. പ്രദർശനം 1994 ഫെബ്രുവരി 14 ന് രാവിലെ 9 മണിക്ക് ആരംഭിച്ച് 19 ാം തീയതി വൈകുന്നേരത്തോടുകൂടി അവസാനിക്കുകയുണ്ടായി. പ്രദർശനം സന്ദർശകർക്ക് വിശദീകരിച്ചു കൊടുത്തത് ഡിപ്ലോമാ വിദ്യാർത്ഥികളായിരുന്നു. O

11427

ഏവർക്കും വിദ്യാഭ്യാസം,
എന്നെന്നും വിദ്യാഭ്യാസം
(Education For All and For Ever)

11427.
12500

# Report of the Seminar
HELD AT MUSEUM AUDITORIUM, TRIVANDRUM
**on 14-2-1994**

Marking the 14th Anniversary of the

## Centre for Adult, Contg. Edn. & Extension
UNIVERSITY OF KERALA

**April 1994**

Indic Digital Archive Foundation
gpura.org